
HOLY BIBLE

# ALMOST FREE!

## Excellent Christian Literature

You can receive 30 books ( english ), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:


**THE BIBLE TEACHER**

**C-22 N. D. S. E. 2**

**New Delhi-110049**

# ബൈബിൾ ട്രൂത്ത്

**Editors:**


**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 1** **March 1988** **No. 12**




കേരളത്തിൽ ഇന്നു് മനുഷ്യന് മതത്തോടും രാഷ്ട്രീയത്തോടും ഒരേ രീതിയിലുള്ള വെറുപ്പു് കാണപ്പെടുന്നുണ്ട്. ഇതിനുള്ള മുഖ്യമായ കാരണം രാഷ്ട്രീയത്തിലും മതത്തിലും പ്രവർത്തിക്കുന്ന വ്യക്തികളിൽ സംശുദ്ധമായ ജീവിതം കാണപ്പെടുന്നില്ല എന്നതാണ്. ഭൗതീകമായാലും ആത്മീകമായാലും ജീവിതത്തിന്റെ അടിസ്ഥാനതത്വങ്ങൾ ലംഘിക്കപ്പെടുമ്പോൾ നിലനില്പില്ലാതായി മാറും. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്കു പൂർണ്ണമായ പരിഹാരം കണ്ടെത്തുകയാണ് നമ്മുടെ ലക്ഷ്യം. അതിനു സഹായകരമായ നിർദ്ദേശങ്ങളാണ് നാം പ്രായോഗികമാക്കേണ്ടത്. നിങ്ങളുടെ സാമാന്യബുദ്ധി അതിലേക്കു് തിരിച്ചു വിടുമെന്നു പ്രത്യാശിക്കുന്നു. ഞങ്ങളുടെ ഉദ്ദേശം മറ്റൊന്നല്ല. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

പി. കെ. വർഗീസ്

# എയിഡ്സ്

J. C. ചോട്ടു്.

ആധുനിക ലോകം അഭിമുഖീകരിക്കുന്ന അതിഭയങ്കരമായ ഒരു ആരോഗ്യ പ്രശ്നമാണ് എയിഡ്സ് (Acquired Immune Deficiency Syndrome) എന്ന മഹാവ്യാധി. ശരീരങ്ങളെ ആക്രമിക്കുന്ന വിവിധ തരത്തിലുള്ള രോഗാണുക്കളെ ചെറുത്തു തോല്പ്പിക്കുന്നതിനുള്ള ശരീരത്തിലെ പ്രതിരോധ ശക്തി ഈ രോഗത്തിന്റെ ആവിർഭാവത്തോടുകൂടി രോഗിക്കു നഷ്ടപ്പെടുന്നു. ചുരുങ്ങിയ കാലയളവിൽ രോഗി മരണത്തിനു് അടിമയാകുന്നു.

അമേരിക്കയിൽ ഈ രോഗം ഒരു വലിയ ആരോഗ്യ വിപത്തായി മാറിക്കഴിഞ്ഞു. ലോകത്തിന്റെ മററു ഭാഗങ്ങളിൽ ഇത് ഒരു ദയനീയ പ്രശ്നമായി വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു. ഈ രോഗത്തെ ചെറുത്തു നിൽക്കുവാനും, രോഗികളെ രോഗത്തിൽ നിന്നും വിമുക്തമാക്കുവാനും വേണ്ടി പല പരീക്ഷണങ്ങൾ നടത്തുകയും അനേകം ചർച്ചകൾ സംഘടിപ്പിക്കുകയും, ധാരാളം പണം ചിലവിടുകയും ചെയ്യുന്നു. എന്നാലും രോഗത്തെ ചെറുക്കുവാനോ രോഗിയെ സുഖപ്പെടുത്തുവാനോ കഴിവുള്ള യാതൊരു പരിഹാര മാർഗ്ഗവും നാളിതുവരെ ഉണ്ടായിട്ടില്ല എന്നതാണ് പരമാർത്ഥം.

അവസാനമായി, വിവാഹ ജീവിതത്തിലേയ്ക്കു കടക്കുവാൻ പോകുന്നവർ, സർക്കാരിനെയും പട്ടാളത്തെയും സേവിക്കുന്നവർ, വിദ്യാർത്ഥികൾ, വിനോദ സഞ്ചാരികൾ തുടങ്ങിയവരെ എയിഡ്സ് പരീക്ഷണത്തിനു് വിധേയരാക്കുവാൻ നിർബന്ധിതരാക്കുന്നു.

ഈ രോഗത്തിന്റെ പകർച്ച ഇപ്രകാരം തുടരുകയും, ഇതിനെതിരായി ഒരു പരിഹാരം കണ്ടു പിടിക്കപ്പെടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ കോടാനുകോടി ജനങ്ങളുടെ ജീവിതങ്ങൾ തുടച്ചെറിയുവാൻ കഴിയുന്ന ഒരു ആധുനിക പ്ളേഗ് ആകുവാൻ ഇതിനു കഴിയും. അനേക രാജ്യങ്ങളിൽ നൂറുകണക്കിനാളുകൾ ഇതിനു ഇരയായി തീർന്നു. തങ്ങൾക്കു ചുററും എയിഡ്സ് രോഗികൾ ഉണ്ടോയെന്നും, അവരിലെ രോഗം തങ്ങൾക്കു പകരുമോയെന്നും ജനങ്ങൾ വളരെയധികം ഭയക്കുന്നു. ഇത് രക്ത സംക്രമണത്തെ ചോദ്യം ചെയ്യപ്പെടുകയും രക്തം ആവശ്യമുള്ള രോഗികൾക്കു അനേകം പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

എയ്ഡ്സിന്റെ ഉത്ഭവം എവിടെ നിന്നായിരുന്നു ? സ്വവർഗ്ഗ ഭോഗികളിലും, അവരുമായി ബന്ധം ഉള്ളവരിലും, സ്വവർഗ്ഗ

ത്തോടു ലൈംഗിക ബന്ധം ഉണ്ടായിരുന്നവരിലുമാണ് ആദ്യമായി ഈ
രോഗം കണ്ടു പിടിക്കപ്പെട്ടത്. ഇതിൽ നിന്നും സ്വവർഗ്ഗഭോഗമാണ്
എയ്ഡ്സ് ഉണ്ടാകുന്നതിനുള്ള ഒന്നാമത്തെ കാരണം.

എന്നാൽ അടുത്തകാലത്ത് ധാരാളം ആളുകൾ സ്വവർഗ്ഗഭോഗ
ത്തോടു കൂടുതൽ അഭിരുചി കാണിക്കുന്നു. സ്വവർഗ്ഗഭോഗമാണ്
എയ്ഡ്സിന്റെ കാരണങ്ങൾ എന്നുവെട്ടിത്തുറന്നു പറയുവാൻ അറയ്
ക്കുന്നു. ഇത്തരക്കാർ വ്യത്യസ്ത വർഗ്ഗഭോഗം നടത്തുന്നവരിൽ പോ
ലും എയ്ഡ്സിന്റെ കാരണങ്ങൾ കാണുന്നുവെന്ന് തെളിയിക്കുന്ന
തിന് അശ്രാന്തപരിശ്രമം നടത്തുന്നു. ചില സ്വവർഗ്ഗഭോഗികൾ
ഇതരവർഗ്ഗഭോഗികൾ കൂടിയാണെന്നും, അവർ വിവാഹം കഴിച്ച്
കുടുംബങ്ങൾ ഉള്ളവരാണെന്നും, അവർക്കു രണ്ടു വർഗ്ഗഭോഗികളോ
ടും ബന്ധം ഉണ്ടെന്നും ഉള്ള കാര്യങ്ങൾ മറച്ചു വച്ചു അവർ സംസാരി
ക്കുന്നു. ഇപ്രകാരം രോഗം ഇതര വർഗ്ഗഭോഗികളിൽക്കൂടി പകരു
ന്നു. എന്നാൽ ക്രമരഹിതമായ ഭോഗബന്ധത്തിൽ വ്യാപരിക്കുന്ന ഇത
രവർഗ്ഗഭോഗികളിൽ മാത്രമേ കാണപ്പെടുന്നുള്ളു. ഈ രോഗം മററു
ള്ളവരുമായി ഒരിക്കലും ബന്ധപ്പെടാത്ത ഭാര്യഭർത്താക്കന്മാരിൽ ഒരി
ക്കലും കാണുന്നില്ല.

കാര്യങ്ങൾ ഇങ്ങനെയിരിക്കെ സ്വവർഗ്ഗഭോഗികളുടെ അസന്മാ
ർഗിക ബന്ധത്താൽ എയ്ഡ്സ് വളരുന്നുവെന്നത് വ്യക്തമാണ്.
എന്തൊക്കെയായാലും, പൊതുവിൽ സർക്കാരും, ആരോഗ്യ ഉദ്യോഗസ്
ഥന്മാരും മനുഷ്യരെ കൊല്ലുന്ന ഈ രോഗത്തിന്റെ അടിസ്ഥാന കാ
രണം സ്വവർഗ്ഗഭോഗം തന്നെയാണെന്ന് ഏററു പറയാതിരിക്കാൻ അ
ശ്രാന്തപരിശ്രമം നടത്തുന്നു. അപ്രകാരം ഏററു പറഞ്ഞ്, പരിഹാരം
കാണുന്നതിനു പകരം, രോഗം സുഖപ്പെടുത്തുന്നതിനുള്ള മരുന്നും,
അതു തടയുന്നതിനുള്ള വാക്സിനും കണ്ടു പിടിക്കുവാൻ ശ്രമിക്കു
ന്നു. ലോകത്തിലെ പണവും സമയവും വളരെയധികമായി ഇതിനാ
യി ആയിരക്കണക്കിന് ഡോക്ടർമാരും, നേഴ്സുമാരും, കെമിസ്ററു
കളും രാത്രിയും പകലും ഇടവിടാതെ ജോലി ചെയ്യുന്നു. രോഗം ബാ
ധിച്ച ധാരാളം ആളുകൾ ഇതിനുള്ള പരിഹാരം കണ്ടുപിടിക്കുന്നതിനാ
യുള്ള പരീക്ഷണ ജീവികളായി മാറിയിരിക്കുന്നു.

എയ്ഡ്സിനുള്ള പ്രതിവിധി കണ്ടുപിടിക്കുന്നത് പ്രകൃതാ
ർത്ഥമായി തന്നെ നാം ഇഷ്ടപ്പെടുന്നു. എന്നാൽ രോഗത്തിന്റെ കാര
ണം കൂടി നിർമ്മൂലമാക്കപ്പെടുന്നതിനും നാം അപ്രകാരം തന്നെ ആഗ്ര
ഹിക്കുന്നു. എന്നാൽ സ്വവർഗ്ഗഭോഗ പ്രവർത്തികൾക്കെതിരെ പൊതു
ജനങ്ങളെ താക്കീതുചെയ്യുന്നതിലുള്ള തെററ് എന്താണ്? എന്തുകൊ
ണ്ട് ഡോക്ടർമാർ ഇത്തരത്തിലുള്ള സ്വഭാവങ്ങളെ നിരുത്സാഹപ്പെടു
ത്തുന്ന പ്രസ്താവനകൾ നൽകുന്നില്ല? എന്തുകൊണ്ട് ലോകത്തിൽ

എയ്ഡ്സ് പരക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള വിശദീകരണങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ പത്രപ്രവർത്തകർ തങ്ങളുടെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നില്ല ?

സ്വവർഗ്ഗഭോഗത്തെ ബൈബിൾ ശക്തമായി എതിർക്കുന്നു. പത്തു നീതിമാന്മാരെപ്പോലും കാണപ്പെടാത്ത കാരണത്താൽ സോദോമും ഗൊമോറയും നശിപ്പിക്കപ്പെട്ടതായി വേദപുസ്തകത്തിൽ കാണുന്നു. ( ഉല്പത്തി 18 ). അവരുടെ പാപം സ്വവർഗ്ഗഭോഗമായിരുന്നു. ( ഉല്പത്തി 19 ) പൗലോസ് ദൈവം നാശത്തിലേക്കു തള്ളപ്പെട്ടവരെക്കുറിച്ചു സംസാരിച്ചു. എന്തുകൊണ്ടെന്നാൽ "സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കി കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗംവിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നെ പ്രാപിച്ചു.'' (റോമർ 1:24–27). വീണ്ടും പൗലോസ് പറഞ്ഞു "നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷ കാമികൾ തുടങ്ങിയവർ ദൈവരാജ്യം അവകാശമാക്കുകയില്ല. ( 1 കൊരിന്ത്യർ 6:9 ).

സ്വവർഗ്ഗഭോഗം വേദപുസ്തകത്തിലെ സൂചനകളിലും മററും പറയപ്പെടുന്നതുപോലെ തെററായി പരിഗണിക്കപ്പെടുന്നില്ലായെങ്കിൽ അവിടെ തെററായി പരിഗണിക്കപ്പെടുന്നത് എന്താണ് ? അത് എഴുതിയ എഴുത്തുകാരന്റെ മനസ്സിലുള്ളതെന്തായിരിക്കും ? തീർച്ചയായും ഇങ്ങനെയുള്ള ശീലം പ്രകൃതിദത്തമായിട്ടുള്ളതല്ലായെന്നു അവർ കാണിക്കുന്നു, അപ്രകാരംചെയ്യുന്ന ആളുകൾ കർത്താവിന്റെ രാജ്യത്തിലോ സഭയിലോ പ്രവേശിക്കുന്നില്ല. അവർക്കു സ്വർഗ്ഗത്തേക്കു പോകുവാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ന്യായീകരിക്കപ്പെടാവുന്ന അവരുടെ പാപത്തിന്റെ പ്രതിഫലം അവർ അവരിൽ തന്നെ സ്വീകരിക്കുന്നു. പ്രകൃതിനിയമങ്ങൾക്കെതിരായി ജീവിക്കുന്ന ആളുകൾക്കു തെററ് സ്വയം തിരുത്തുന്നതിന് പ്രകൃതിതന്നെ നൽകിയിട്ടുള്ള മാർഗ്ഗമാണ് എയ്ഡ്സ്.

ഇപ്പോൾ അവർക്കു പശ്ചാത്തപിക്കുവാൻ കഴിയും, ദൈവത്തെ അനുസരിക്കുവാൻ കഴിയും. ഇപ്രകാരം ചെയ്യുമ്പോൾ കർത്താവ് അവരോട് ക്ഷമിക്കുകയും അവരെ സഭയിലേക്കു കൂട്ടി ചേർക്കപ്പെടുകയും ചെയ്യും. ഇങ്ങനെയുള്ള അവസ്ഥയിൽ അവർ ജീവിതത്തിന്റെ സാധാരണ വഴിയിലേക്കു തിരികെ വരുകയും, രക്ഷ പ്രാപിക്കുകയും ചെയ്യുന്നു. ജീവിതവഴിയിലോ സ്വർഗ്ഗത്തിലേക്കു പോകുന്നതിനുള്ള പ്രതീക്ഷയിലോ സ്വവർഗ്ഗഭോഗം ശീലിക്കുവാൻ ആർക്കും കഴിയുകയില്ല.

എന്നാൽ സ്വവർഗ്ഗഭോഗ പ്രവർത്തികൾ തുടരുന്നവരെക്കുറിച്ച് എന്തുപറയുവാൻ കഴിയും ? വ്യഭിചാരി ഗുഹ്യരോഗങ്ങൾക്കു അടിമപ്പെടുന്നതുപോലെ അവർ എയ്ഡ്സിനും മററു അനന്തര ഫലങ്ങൾക്കും അടിമകളാകുന്നു. ദൈവം ഈ ജീവിതത്തിൽ ആളുകളെ അവരുടെ പാപങ്ങൾക്കു നേരിട്ടു ശിക്ഷിക്കാതിരിക്കുമ്പോൾ പാപങ്ങളിൽ മുഴുകുന്നവരും മററും അവരുടെ തെററായ പ്രവർത്തികൾക്ക് ശാരീരികമായ വേദന അനുഭവിക്കുന്നു. ദൈവം ആർക്കും വിഷം നൽകി കൊല്ലുന്നതിന് ശ്രമിക്കാൻ പോകുന്നില്ല. എന്നാൽ ഒരു വ്യക്തി മനഃപൂർവ്വമായി വിഷം കുടിക്കുന്നുവെങ്കിൽ അയാൾ മരിക്കേണ്ടതാകുന്നു.

എയിഡ്സോ മററു രോഗങ്ങളോ ദൈവം നേരിട്ടു ഒരു വ്യക്തിക്കും നൽകുന്നില്ല. എന്നാൽ അവർ തെററായ പ്രവർത്തികൾ ചെയ്യുമ്പോൾ എയിഡ്സും മററു രോഗങ്ങളും ഉണ്ടാകുന്നു. അതിൽ ദൈവത്തെ കുററപ്പെടുത്തേണ്ട കാര്യമില്ല. എന്നാൽ അത്തരം പ്രവർത്തികളിൽ മുഴുകുന്നവർ അവരെത്തന്നെ സ്വയം കുററപ്പെടുത്തണം. മറെറാരുതരത്തിൽ പറഞ്ഞാൽ, അസാന്മാർഗ്ഗിക കാര്യങ്ങൾ പ്രവർത്തിക്കുന്ന ആളുകൾ അതിനുള്ള ഫലങ്ങൾ അനുഭവിക്കുന്നില്ലായെങ്കിൽ ദൈവ നീതി ശരിയാവുകയില്ലല്ലോ.

ന്യായവിധി ദിവസത്തിൽ ഓരോരുത്തനും അവരുടെ പ്രവർത്തികൾക്കു വേണ്ടി ഉത്തരം കർത്താവിനോടു പറയേണ്ടിവരും. പൗലോസ് പറയുന്നു ‘‘പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ’’ (റോമർ 6;23); വീണ്ടും പറയുന്നു, ‘‘വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതക്കുന്നതുതന്നെ കൊയ്യും.

ജഡത്തിൽ വിതക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യ ജീവനെ കൊയ്യും.’’ (ഗലാത്യർ 6:7,8 ).

എന്റെ സ്നേഹിതന്മാരേ, വ്യക്തമായ സന്മാർഗ്ഗ ജീവിതം നയിക്കുന്നതിനു് വേദപുസ്തകം നിങ്ങൾക്കു പ്രചോദനം നൽകുന്നു. അപ്രകാരം ചെയ്യുന്നവർ ഈ രോഗങ്ങൾ പകരുമെന്ന് ഒട്ടും ഭയപ്പെടേണ്ടതില്ല. ഒരു നല്ല സന്മാർഗ്ഗ ജീവിതത്തിന് ധാരാളം ഗുണങ്ങൾ ഉണ്ട്, അതിൽ ഒന്ന് അവൻ ചെയ്യാത്ത പാപങ്ങൾക്കു അവനു ഭയപ്പെടേണ്ട കാര്യമില്ല എന്നതാണ്.

# സ്ത്രീയുടെ മാഹാത്മ്യം

**Thankam Varghese.**

ഇരുപതാം നൂററാണ്ടിലെ സ്ത്രീകൾ പുരുഷനോടൊപ്പം സമത്വം ആഗ്രഹിക്കുന്നവരാണല്ലോ. ഇന്ന് സ്ത്രീകൾ സമൂഹത്തിന്റെ പല ഉയർന്ന സ്ഥാനങ്ങളിലും എത്തിയിട്ടുണ്ട്. എങ്കിലും പ്രായോഗിക ജീവിതത്തിൽ പുരുഷനേക്കാൾ താഴ്ന്ന തലത്തിലാണ് ഇന്നത്തെ സ്ത്രീ. എന്നാൽ വേദപുസ്തകത്തിൽ സ്ത്രീയുടെ പദവി എന്തായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നും സകലചരാചരങ്ങളേയും സൃഷ്ടിച്ചതിനുശേഷം മനുഷ്യനെ സൃഷ്ടിച്ചു എന്നും അവന്റെ വാരിയെല്ലിൽ നിന്നാണ് സ്ത്രീയെ സൃഷ്ടിച്ചത് എന്നുമാണല്ലോ ഉല്പത്തിയുടെ ചരിത്രം. അതുകൊണ്ടാണ് സ്ത്രീക്ക് നാരി എന്ന പേർ വരുവാൻ കാരണം.

യഹൂദമതത്തിൽ, സമൂഹത്തിൽ സ്ത്രീക്ക് മാന്യമായ ഒരു പദവി ഉണ്ടായിരുന്നു. ബഹുഭാര്യാത്വം അസാധാരണമായിരുന്നില്ലെങ്കിലും സ്ത്രീ അടിമയോ, ഭാര്യ മുഖ്യദാസിയോ ആയിരുന്നില്ല. വ്യക്തിത്വവും നേതൃത്വവും പുലർത്തിയ പല സ്ത്രീകളേയും പഴയനിയമത്തിൽ കാണാം. ദബോറ എന്ന സ്ത്രീ പ്രവാചകിയും ന്യായാധിപതിയും ആയിരുന്നു. ന്യായാധിപ 4:4. രാജ്യം ഭരിച്ചവരും രാജാക്കന്മാർക്ക് മാർഗ്ഗ ദർശനം നൽകിയവരുമുണ്ട്. എസ്ഥേർ ഒരു ധീരരാജ്ഞിയായിരുന്നു, തന്മൂലം തന്റെ ജാതിയെ ശത്രുക്കളിൽ നിന്നും രക്ഷിക്കുവാൻ കഴിഞ്ഞു.

എബ്രായ കുടുംബത്തിലെ ദാസിയായ ഹാഗറിനെ അബ്രഹാം സ്വീകരിക്കുന്നത് വാസ്തവത്തിൽ സാറയുടെ നിർബന്ധ പ്രകാരമല്ലേ? ഇതിൽ നിന്നും ഭാര്യക്ക് ഭർത്താവിന്റെ മേൽ ഉണ്ടായിരുന്ന സ്വാതന്ത്ര്യം വ്യക്തമാക്കുന്നു. ലേയയും റാഹേലും തങ്ങളുടെ ദാസികളെ യാക്കോബിന് നല്കുകയും അവരെ യാക്കോബ് സ്വപത്നിമാരായി സ്വീകരിക്കുകയും ചെയ്യുന്നു.

സ്ത്രൈണഭാവത്തിന്റെ എല്ലാ സൽഗുണങ്ങളും ഉള്ള ചില സ്ത്രീകളെ വേദപുസ്തകത്തിൽ നാം കാണുന്നുണ്ട്. തന്റെ ഭർത്താവ് മരിച്ചിട്ടും വിധവയും നിരാലംബയുമായ മാതാവിനെ വിട്ടുപിരിയാതെ പരിചരിച്ച ഒരു സ്ത്രീയാണ് രൂത്ത്. കുഷ്ഠരോഗിയായ നയമാന്റെ ജോലിക്കാരി ഒരു അടിമപെൺകുട്ടിയാണ്. അവളിൽ നിന്നാണ് യജമാനത്തി എലീശാ പ്രവാചകനെപ്പററി കേൾക്കുന്നതു തന്നെ. ഹന്ന

ഒരു നല്ല മാതാവായിട്ടും ദൈവ ഭക്തയായിട്ടുമാണ് നാം കാണുന്നത്. സ്നേഹസമ്പന്നയായ മറ്റൊരു സ്ത്രീയാണ് യേശുവിന് ജന്മം നല്കിയ മറിയ.

പഴയ നിയമകാലത്ത് സ്ത്രീ പുരുഷനോട് കുറെയൊക്കെ തുല്യതയിൽ കഴിഞ്ഞിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ കാലമായപ്പോൾ സ്ത്രീക്ക് ഒരു മാന്യമായ സ്ഥാനം തന്നെ ക്രിസ്തു കൊടുത്തു. ക്രിസ്തുവിന്റെ ദൃഷ്ടിയിൽ സ്ത്രീ കൂടുതൽ കുറ്റവാളി ആയിരുന്നില്ല. ഇതിനുള്ള ഒരു തെളിവാണല്ലോ വ്യഭിചാരിണിയായ ഒരു സ്ത്രീയെ ചിലർ ക്രിസ്തുവിന്റെ മുമ്പിൽ കൊണ്ടുവന്ന് ഇവളെ എന്തുചെയ്യണം എന്ന് ചോദിക്കുമ്പോൾ ക്രിസ്തു പറയുന്നു ''നിങ്ങളിൽ പാപമില്ലാത്തവർ അവളെ ഒന്നാമത് കല്ലെറിയട്ടെ'' യോഹ 8:7.

മറ്റൊരു സന്ദർഭത്തിൽ യേശു ബെഥാന്യയിൽ ശീമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ വിലയേറിയ പരിമള തൈലം കൊണ്ട് യേശുവിന്റെ കാൽ കഴുകി തലമുടികൊണ്ട് തുടച്ചു. യോഹ 12:3. അവശരും നിന്ദിതരുമായ അനേകം സ്ത്രീകൾ യേശുവിന്റെ അനുയായികൾ ആയി തീർന്നു. യേശു അധികം സ്നേഹിച്ചിരുന്ന സഹോദരിമാരാണ് മാർത്തയും മറിയയും. മറിയ നല്ല അംശം തെരഞ്ഞെടുത്തു, ലൂക്കോസ് 10:42, കർത്താവ് മറിയയെ പ്രശംസിക്കുന്നു. മനക്ലേശവും ആകുലചിന്തയും ഒഴിവാക്കുക. കർത്താവിന്റെ സാന്നിദ്ധ്യവും തിരുവചനശക്തിയും ഉൾക്കൊള്ളുക. മറിയ അത് അംഗീകരിച്ചതിനാൽ പ്രശംസിക്കപ്പെട്ടു. യഹൂദമതക്കാരനായ യേശുദേവൻ ശമര്യക്കാരത്തി സ്ത്രീയോട് സംസാരിക്കുമ്പോൾ ശിഷ്യന്മാർക്കുപോലും അതിശയം തോന്നി.

യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിനായി കുരിശിലേറുമ്പോൾ അവിടെ കൂടിയവരിൽ അധികം പേരും സ്ത്രീകൾ തന്നെ. യേശു ഉയിർത്തെഴുന്നേറ്റ വിവരം ആദ്യം അറിയുന്നതും ഒരു സ്ത്രീയാണ്. ആദ്യം യേശു പ്രത്യക്ഷനാകുന്നതും സ്ത്രീക്കു തന്നെ. കർത്താവിന്റെ മനുഷ്യ സ്നേഹത്തിന്റെ ഒരു ഭാഗമായിരുന്നു സ്ത്രീകളോടുള്ള ഈ സമീപനം. നമ്മെ വീണ്ടെടുത്ത കർത്താവിന്റെ പാദത്തിൽ നമ്മെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുവാൻ നാം കടപ്പെട്ടവരാണ്. അതിന് നമ്മളെ ദൈവം സഹായിക്കട്ടെ!

# നിന്റെ രാജ്യം വരേണമേ !

കെ. എം. ഫിലിപ്പ്

"ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും" (ദാനി: 2:44). "ആ കാലത്തു് യോഹന്നാൻ സ്നാപകൻ വന്നു് യഹൂദ്യാമരുഭൂമിയിൽ പ്രസംഗിച്ചു. ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ടുവിൻ എന്നു പറഞ്ഞു" (മത്താ:3:1–2). "അന്നു മുതൽ യേശു ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി." (മത്താ: 4:17). "ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ എന്നു് അവൻ പറഞ്ഞു" (ലൂക്കോ 17:21) "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല... സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു...." (മത്താ. 16:18-19) "ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നിൽക്കുന്നവരിൽ ഉണ്ടു് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു." (മർക്കൊ: 9:1).

മേൽ ഉദ്ധരിച്ച വേദവാക്യങ്ങളിൽനിന്നും ക്രിസ്തുവിന്റെ കാലത്തിനു തൊട്ടടുത്തുതന്നെ ദൈവരാജ്യ സ്ഥാപനം ആസന്നമായിരുന്നു എന്നുള്ളതു വ്യക്തമാണ്. അവസാനത്തെ വാക്യം അർത്ഥശങ്കക്കു് വകയില്ലാതെതന്നെ ആ വസ്തുതയെ പ്രഖ്യാപനം ചെയ്തിട്ടും ഉണ്ടു്. സ്വർഗ്ഗരാജ്യത്തിന്റെ 'താക്കോൽ' പത്രോസിനാണ് നൽകപ്പെട്ടതു്. ആ താക്കോൽ കൊണ്ടു് അവൻ സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ ലോകത്തിനു തുറന്നുകൊടുത്തതായി പ്രവൃത്തികൾ 2–ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. പത്രോസിന്റെ ഒന്നാമത്തെ സുവിശേഷ പ്രസംഗമാകുന്ന ആ താക്കോൽ കൊണ്ടു് തുറക്കപ്പെട്ട രാജ്യത്തിലേക്കു് അഥവാ സഭയിലേക്കു് ആ ദിവസം 3000 പേരാണ് പ്രവേശിച്ചതു്. അപ്പോൾ സഭയാകുന്ന ദൈവരാജ്യത്തിന്റെ സ്ഥാപനം. ആ ദിവസ (പെന്തക്കോസ്തു ദിവസം) ത്തിൽനടന്നു എന്നുകാണുവാൻ സാധിക്കും. ഈ സംഭവം നടന്നിട്ടു് ഏതാണ്ടു് 2000 സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടു് "നിന്റെ രാജ്യംവരേണമേ!" എന്നു് പ്രലപിച്ചുകൊണ്ട് ഈ നാട്ടിൽ തന്നെ കഴിഞ്ഞു കൂടുന്ന ഒരു വലിയ വിഭാഗം ക്രിസ്ത്യൻ നാമധാരികളെ ഇന്നു ലോകത്തിൽ കാണുവാൻ സാധിക്കും. അവരുടെ പ്രതിനിധികളത്രെ ഈയിടെ ആസ്ട്രേലിയയിലെ മെൽബോണിൽ ഒന്നിച്ചു കൂടിവന്നതു്. 85 രാജ്യങ്ങളിൽ നിന്നായി 470 പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനത്തെപ്പററി പറയുമ്പോൾ ആ സമ്മേളനത്തിന്റെ വ്യാപ്തിയും ഗൗരവവും ഊഹിക്കാ

മല്ലൊ. ആ സാർവ്വ ലൌകിക സമ്മേളനത്തിൻെറ ''ചിന്താസരണി'' സൂചിപ്പിക്കുന്ന വാചകമോ: ''നിൻെറ രാജ്യം വരേണമേ!''

ഒരു കഥ കേട്ടിട്ടുണ്ട്, തെക്കേ അമേരിക്കയിലെ ആമസോൺ നദി കടലിലേക്കു ചേരുന്ന ഭാഗത്ത് നദിയിൽ നിന്നുമുള്ള ശക്തിയേറിയ ജലപ്രവാഹത്തിൻെറ ഫലമായി 150 മൈൽ കടൽഭാഗം മുഴുവനും ശുദ്ധജലമാണ്. ഒരിക്കൽ ഒരു കപ്പൽ ആ ഭാഗത്തു വന്നപ്പോഠം കപ്പലിലെ ശുദ്ധജലം തീരുകയും സമീപത്തുണ്ടായിരുന്ന മററൊരു കപ്പലിലേക്ക് ശുദ്ധജലം തന്നു സഹായിക്കണം എന്നൊരു സന്ദേശം നൽകുകയും ഉണ്ടായി. മറുപടി കിട്ടിയത് ഇപ്രകാരമായിരുന്നു ''താങ്കഠം നങ്കൂരം ഇട്ടിരിക്കുന്നത് ശുദ്ധജലത്തിലത്രെ; കോരി ഉപയോഗിച്ചു കൊള്ളുക''.

കടലിലുണ്ടായിരുന്ന ഈ ശുദ്ധജല പ്രവാഹത്തെപ്പററി അറിവില്ലാത്ത കപ്പിത്താന്മാരുടെ അറിവുകേടിനാൽ യാത്രക്കാർ ദാഹാധിക്യത്താൽ നശിച്ചുപോകുവാൻ സാദ്ധ്യതയുണ്ട്. മെൽബോണിൽ കൂടിയ ക്രിസ്തീയ നാമധാരികളുടെയും കഥ ഒട്ടും വ്യത്യസ്തമല്ല. 2000 സംവത്സരങ്ങഠംക്കുമുമ്പ് സ്ഥാപിതമായ ''രാജ്യത്തിൻെറ പരിസരങ്ങളിൽ'' കഴിഞ്ഞു കൂടിക്കൊണ്ടത്രെ ''നിൻെറ രാജ്യം വരേണമേ'' എന്ന് അവർ മുറവിളി കൂട്ടുന്നത്!

പെന്തക്കോസ്തു നാളിൽ 'രാജ്യം' അഥവാ 'സഭ' ശക്തിയോടെ വന്നു. അതിൻെറ വികാസം നടന്നുകൊണ്ടിരിക്കുന്നു. ക്രിസ്തു വാനമേഘങ്ങളിൽ വന്ന് തനിക്കുള്ളതിനെ ചേർത്തുകൊണ്ടശേഷം ആ രാജ്യം അവൻ തൻെറ പിതാവിനെ ഏൽപ്പിക്കയും ചെയ്യും. ഈ സത്യം മനസിലാക്കാതെ അനേകർ ''നിൻെറ രാജ്യംവരേണമേ'' എന്നുള്ള വാക്യത്തെ മന്ത്രം പോലെ ഉരുവിട്ടുകൊണ്ടിരിക്കുന്നു.

''കപ്പലോടിക്കുന്നവർ'' സമുദ്രത്തിലെ ചാലുകളും മേൽപ്പറഞ്ഞ ''ജീവസന്ധാരണത്തിനുള്ള ശുദ്ധജല പ്രവാഹങ്ങളും'' മനസിലാക്കാതെ പോയാൽ അവർക്ക് ആ സ്ഥാനത്തിന് യോഗ്യതയില്ലെന്നു തന്നെയല്ല അവർ തന്നെ നശിച്ചുപോകുന്നതോടൊപ്പം അവരുടെ ''മേൽനോട്ടത്തിൽ'' ഇരിക്കുന്നവരനേകരും നശിച്ചു പോകുവാൻ ഇടയാകുകയും ചെയ്യും എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

---

# പ്രാർത്ഥന

**റേയ്. C. വൈററ്**

ക്രിസ്തീയ ജീവിതത്തിൻെറ ഉത്തരവാദിത്വവും, പദവിയും സന്തോഷകരമായ ഒരു അനുഭവവുമാണ് പ്രാർത്ഥിക്കുന്നതിനുള്ള യോ

ഗ്യത. തന്റെ മക്കാം പ്രാർത്ഥിക്കുന്നവരായിരിക്കണം എന്നതാണ് പിതാവിന്റെ ഇഷ്ടവും ആഗ്രഹവും. പൗലോസ് പറഞ്ഞു ''ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാററിനും സ്തോത്രം ചെയ്വിൻ; ഇതല്ലൊ നിങ്ങളെക്കുറിച്ചു ക്രിസ്തു യേശുവിൽ ദൈവേഷ്ടം'' 1 തെസ്സലൊനിക്യർ 5:17–18. നാമെല്ലാവരും നമ്മുടെ എല്ലാ അനുഗ്രഹങ്ങാംക്കുമായി ദൈവത്തിൽ ആശ്രയിക്കേണ്ടവരാണ്. ദൈവ സഹായമില്ലാതെ ആർക്കും ഒന്നും ചെയ്യുവാനോ നേടുവാനോ സാധിക്കുകയുമില്ല ഈ സത്യം അറിയുകയും മനസ്സിലാക്കി പ്രവർത്തിക്കുകയും ചെയ്യുന്ന അനുസരണം, നമ്മുടെ പ്രാർത്ഥനയുടെ ശക്തിയായിരിക്കും. ദൈവത്തിലുള്ള നമ്മുടെ ആശ്രയത്തിനെക്കുറിച്ചുള്ള ബോധം താഴ്മയുള്ള, സമർപ്പണമുള്ള പ്രാർത്ഥനയ്ക്കായി നമ്മെ സഹായിക്കും.

ദൈവമക്കളായി തീർന്ന എല്ലാ ക്രിസ്ത്യാനികാംക്കുമുള്ള ഈ പദവിയെക്കുറിച്ചു എബ്രായ ലേഖകൻ ഇങ്ങനെ പറയുന്നു–''അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക'' എബ്രായർ 4:16. പ്രാർത്ഥനകാംക്കു ഉത്തരം അരുളുന്ന ദൈവവുമായി ബന്ധപ്പെടുവാൻ കഴിയുന്നതു എത്രയോ സന്തോഷകരവും, തൃപ്തി നല്കുന്നതുമായ ഒരു അനുഗ്രഹമാണ്.... യാക്കോബിന്റെ വാക്കുകളിൽ പ്രാർത്ഥനയെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാണ് ''എന്നാൽ നിങ്ങാംക്കു രോഗശാന്തിവരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏററുപറഞ്ഞു ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു'' യാക്കോബ് 5:16. ആദിമ നൂററാണ്ടിലെ ക്രിസ്ത്യാനികാം എന്തുകൊണ്ടാണ് പ്രാർത്ഥനയ്ക്കായി വളരെയധികം തീഷ്ണതയും ഉത്സാഹവും കാണിച്ചിരുന്നതു എന്ന് നമുക്കു ഇതിനാൽ മനസ്സിലാക്കാം.... അവരെപ്പോലെ നാമും പ്രാർത്ഥനയ്ക്കായി ഉണർവുള്ളവരായിരിക്കേണ്ടതാണ്.

## ക്രിസ്തു വളരെയധികം പ്രാർത്ഥിക്കുമായിരുന്നു.

നമുക്ക് ഒരു മാതൃകയും നല്കിക്കൊണ്ട് ക്രിസ്തു ശരിയായ പ്രാർത്ഥനാ ജീവിതം നയിച്ചിരുന്നു. വളരെ സമയം പ്രാർത്ഥനയ്ക്കു വേണ്ടി കർത്താവു ചിലവഴിക്കുമായിരുന്നു. തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ ക്രിസ്തു പ്രാർത്ഥിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും (ലൂക്കോസ് 3:21). തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിനു മുൻപു... ''അദ്ദേഹം പ്രാർത്ഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു, ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു'' ലൂക്കൊസ് 6:12 എന്നു വായിക്കുന്നു. വിശുദ്ധനായ മത്തായി ഇപ്ര

കാരം ക്രിസ്തുവിന്റെ പ്രാർത്ഥനയെക്കുറിച്ചു് രേഖപ്പെടുത്തി—
''അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ
മലയിൽ കയറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ
ഇരുന്നു....'' മത്തായി 14:23; മർക്കൊസ് 1:35—ൽ ''അതികാലത്ത്
ഇരുട്ടോടെ അവൻ എഴുന്നേററു പുറപ്പെട്ടു ഒരു നിർജ്ജന സ്ഥലത്തു
ചെന്നു പ്രാർത്ഥിച്ചു'' എന്നു ക്രിസ്തുവിന്റെ പ്രാർത്ഥനാ ജീ
വിതത്തെപററി എഴുതിയിരിക്കുന്നു.

ക്രിസ്തു ലോകത്തുനിന്നും വിടപറയുന്നതിനു മുൻപായി ശി
ഷ്യന്മാരോടു് സംസാരിച്ചതിനുശേഷം പ്രാർത്ഥിക്കുന്നതായി യോ
ഹന്നാൻ 17—ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു....ആ ഭാ
ഗത്തു് ക്രിസ്തുവിന്റെ പ്രാർത്ഥനയിലെ ചില ഭാഗങ്ങളും നമു
ക്കു് വായിക്കുവാനും മനസ്സിലാക്കുവാനും കഴിയുന്നു. ജനങ്ങൾ
തന്നെ തള്ളിക്കളയുകയും, ഒററിക്കൊടുക്കപ്പെടുകയും, ന്യായാധിപ
സംഘത്തിന്റെ മുന്നിൽ നിൽക്കപ്പെടുകയും ചെയ്യുന്നതിന് തൊട്ടു
മുൻപായി പത്രോസ്, യോഹന്നാൻ, യാക്കോബ് എന്ന തന്റെ ശിഷ്യ
ന്മാരെയും കൂട്ടി ക്രിസ്തു ഗെത്സമന തോട്ടത്തിൽ പ്രാർത്ഥിക്കു
ന്നതിനായി പോകുന്നു... മൂന്നു തവണ ക്രിസ്തു പ്രാർത്ഥിക്കുന്ന
തായി തിരുവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി
26:36—44). ക്രൂശിൽ കിടന്നുകൊണ്ടു് മരണത്തെ മുഖാമുഖം കാ
ണുമ്പോഴും ക്രിസ്തു പ്രാർത്ഥിച്ചു. (ലൂക്കൊസ് 23:34—36) പ്രാർ
ത്ഥനയ്ക്കായി തന്റെ ജീവിതത്തിൽ ഇത്രമാത്രം പ്രാധാന്യം നല്കി
യ യേശുക്രിസ്തുവിന്റെ അനുയായിയായി പ്രാർത്ഥനാ ജീവിത
മില്ലാത്ത ഒരു 'ക്രിസ്ത്യാനി' അറിയപ്പെടുമോ?

## ആദിമസഭ പ്രാർത്ഥനയിലും നന്ദികരേററുന്നതിലും ശക്തരായിരുന്നു:

പെന്തെക്കോസ്തു നാളിൽ മൂവായിരം പേർ വചനം അനുസരി
ച്ച്, സ്നാനമേററ്, ക്രിസ്തുവിന്റെ സഭയോടു ചേർക്കപ്പെട്ട സംഭ
വത്തെ പരാമർശിച്ച് വി: ലൂക്കോസ് എഴുതുമ്പോൾ ഇങ്ങനെ എഴു
തി....''അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ
ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു.'
പ്രവൃത്തികൾ 2:42. പത്രോസ് കാരാഗ്രഹത്തിലടക്കപ്പെട്ടപ്പോൾ....
''സഭ ശ്രദ്ധയോടെ അവനുവേണ്ടി ദൈവത്തോടു് പ്രാർത്ഥന കഴി
ച്ചു പോന്നു,'' പ്രവൃത്തികൾ 12:5 എന്നും വായിക്കുന്നു.

പൗലോസ് എല്ലാ സഭകളിലുമുള്ള വിശ്വാസികളോടും പ്രാർ
ത്ഥിക്കുവാനായി വളരെയധികം പ്രബോധിപ്പിക്കുന്നതായി കാണാം.
റോമിലുള്ള വിശ്വാസികൾക്കായി എഴുതുമ്പോൾ ''പ്രാർത്ഥനയിൽ
ഉററിരിപ്പിൻ ''എന്ന് താക്കീതോടുകൂടി അപേക്ഷിക്കുന്നു. റോമർ

12:13. കൊരിന്തിലും, എഫെസൊസിലും, ഫിലിപ്പിയയിലും, കൊലൊസ്സ്യയിലും, തെസ്സലൊനിക്യയിലും ഉള്ള വിശ്വാസികളോടും പ്രാർത്ഥനയുള്ളവരായിരിക്കണം എന്ന് ആവശ്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ''എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു'' യാക്കൊബ് 1:17....അതുകൊണ്ട് പ്രാർത്ഥനയിലൂടെ പിതാവുമായി ബന്ധപ്പെടേണ്ടത് എല്ലാ മക്കളുടെയും കടമയാണ്.

പ്രാർത്ഥനയിൽ നന്ദി കരേറേണ്ടതിന്റെ ആവശ്യകതയും പൗലോസ് വിശ്വാസികളെ പഠിപ്പിച്ചിരുന്നു. ആഹാരത്തിനായി ദൈവത്തെ സ്തുതിക്കുകയും നന്ദി കരേറുകയും ചെയ്തതിലൂടെ ക്രിസ്തുവും നല്ല മാതൃക നല്കി... (മർക്കൊസ് 9:6, യോഹന്നാൻ 6:11). ആയതിനാൽ ഓരോ ക്രിസ്ത്യാനിയും തന്റെ ജീവിതത്തിൽ ദൈവം ദാനമായി നല്കി തന്നിരിക്കുന്ന എല്ലാററിനും വേണ്ടി നന്ദിയുള്ളവരും....പ്രാർത്ഥനയിൽ ആ നന്ദി ദൈവത്തോട് അറിയിക്കുകയും ചെയ്യുന്ന വ്യക്തിയായിരിക്കണം....നമ്മുടെ നന്ദി കരേററൽ ദൈവത്തിന് വളരെ പ്രസാദകരമാണ്.

## ദൈവം മറുപടി നല്കും.. പക്ഷേ!

പ്രാർത്ഥന കേൾക്കുന്ന ദൈവം എന്തുകൊണ്ട് ചില അപേക്ഷകൾക്ക് ഉത്തരം നല്കുന്നില്ല? ദൈവവചനത്തിന്റെ വെളിച്ചത്തിൽ ദൈവ സന്നിധിയിൽ ഉത്തരം കണ്ടെത്താത്ത ചില പ്രാർത്ഥനകളെക്കുറിച്ചും ദൈവത്തിന് പ്രസാദകരമായ പ്രാർത്ഥനകളെക്കുറിച്ചും നമുക്കു ചിന്തിക്കാം.

യാക്കോബ് എഴുതി—''നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല'' യാക്കോബ് 4:3. 1 പത്രൊസ് 3:12–ൽ ''കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനെക്കും തുറന്നിരിക്കുന്നു; എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്കു പ്രതികൂലമായിരിക്കുന്നു'' എന്ന് പത്രോസ് രേഖപ്പെടുത്തിയിരിക്കുന്നു... നീതിയുള്ളവരായി ജീവിക്കുന്നവരുടെ പ്രാർത്ഥനകൾ ദൈവം അംഗീകരിക്കുന്നു എന്നു നാം മനസ്സിലാക്കിയല്ലോ...ദൈവവചനത്തിനോടുള്ള നമ്മുടെ പൂർണ്ണ അനുസരണമാണ് നമ്മെ നീതിയുള്ളവരാക്കിതീർക്കുന്നത്....യോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക ''അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും'' 1 യോഹന്നാൻ 3:22.

നീതിയ്ക്കും അനുസരണത്തിനും ഉപരിയായി ദൈവം കേൾക്കുന്ന പ്രാർത്ഥനകൾ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടതും ആയി

റിക്കും. ''നിങ്ങരം വിശ്വസിച്ചുകൊണ്ടു പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങരംക്കു ലഭിക്കും....'' മത്തായി 21:22 മർക്കൊസ് 11:24. എന്ന് യേശുക്രിസ്തു തന്നെ അരുളിച്ചെയ്തു. പരസ്പരം ക്ഷമാശീലമുള്ള വ്യക്തികളുമായിരിക്കണം നാം എന്നും ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു ''നിങ്ങരം മനുഷ്യരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല. മത്തായി 6:15'', നമ്മുടെ പ്രാർത്ഥനകരം ദൈവഹിതത്തിൽ ഉരംപ്പെട്ടവയാകുമ്പോഴാണ് അവയ്ക്ക് ഉത്തരം ലഭിക്കുന്നത്.

''അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേരംക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു'' 1 യോഹന്നാൻ 5:14. ദൈവത്തിന് പ്രസാദകരവും; ദൈവസന്നിധിയിൽ നിന്ന് ഉത്തരം ലഭിക്കുന്നതുമായ ഈ പ്രാർത്ഥനയുടെ നിബന്ധനകരംക്ക് അടിസ്ഥാനം ദൈവത്തോടുള്ള നമ്മുടെ ബന്ധമാണല്ലോ.... ക്രിസ്തു അത് തന്റെ വാക്കുകളിലൂടെ വ്യക്തമാക്കിയിരിക്കുന്നത് ശ്രദ്ധിക്കൂ.... ''നിങ്ങരം എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങരംക്കു ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങരംക്കു കിട്ടും'' യോഹന്നാൻ 15:7 പ്രാർത്ഥനക്കായി ദൈവസന്നിധിയിൽ കടന്നു വരുന്നതിനുമുൻപായി ദൈവവുമായി നിങ്ങരം ബന്ധമുള്ളവരാണ് എന്ന് ഉറപ്പുവരുത്തുക. യോഹന്നാൻ 9:31, ഗലാത്യർ 3:26–27, യോഹന്നാൻ 3:3–5, പ്രവൃത്തികരം 2:38.

## പ്രാർത്ഥന എങ്ങനെ?

ഒരു പ്രത്യേക രീതിയിൽ മാത്രമേ പ്രാർത്ഥിക്കാവൂ എന്ന് വാദിക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നവരുണ്ട്. പക്ഷേ തിരുവചനത്തിൽ പല രീതിയിൽ (postures) വിശുദ്ധന്മാർ പ്രാർത്ഥിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്... ജ്ഞാനിയായ ശലോമോന്റെ പ്രാർത്ഥനയെക്കുറിച്ച്–''അനന്തരം ശലോമോൻ യഹോവയുടെ യാഗപീഠത്തിൻ മുമ്പിൽ യിസ്രായേലിന്റെ സർവ്വ സഭയുടെയും സമക്ഷത്തു നിന്നു കൊണ്ടു ആകാശത്തിലേക്കു കൈമലർത്തി പറഞ്ഞതു എന്തെന്നാൽ'' (1 രാജാക്കന്മാർ 8:22) എന്നാണ് നാം വായിക്കുന്നത്.

സങ്കീർത്തനക്കാരന്റെ വാക്കുകളിൽ ''വരുവിൻ, നാം വണങ്ങി നമസ്ക്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക'' (സങ്കീർത്തനം 95:6). എന്ന രീതിയിലാണ് പ്രാർത്ഥനയെക്കുറിച്ച് പറയുന്നത്.

കർത്താവായ യേശുക്രിസ്തുവിൻെറ പ്രാർത്ഥനയെപ്പററി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ് ''പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്നു കവിണ്ണു വീണു; പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല; നീ ഇച്ഛിക്കും പോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു.'' മത്തായി 26:39.

അപ്പോസ്തലനായ പൗലോസ് തിമൊഥെയോസിന് എഴുതുമ്പോൾ ഇങ്ങനെ എഴുതി—''ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു'' 1 തിമൊഥെയൊസ് 2:8.

ഈ വാക്കുകളിൽ നിന്നെല്ലാം എപ്രകാരമാണ് നാം പ്രാർത്ഥിക്കേണ്ടതെന്ന് വ്യക്തമാണല്ലോ.... നമ്മുടെ രീതിയിലല്ല.... ഹൃദയത്തിൻെറ അവസ്ഥയെയാണ് ദൈവം കാണുവാൻ ആഗ്രഹിക്കുന്നത്.... ദൈവസന്നിധിയിൽ താഴ്മയോടുകൂടി നാം സമർപ്പിച്ചുകൊണ്ട് പൂർണ്ണ ആശ്രയം പ്രദർശിപ്പിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നു.

## എന്തിനുവേണ്ടിയെല്ലാം പ്രാർത്ഥിക്കണം?

പാപങ്ങൾ ക്ഷമിച്ചു കിട്ടേണ്ടതിനുവേണ്ടി വിശുദ്ധരായ ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ ശ്രദ്ധിക്കണം—''ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ'' മത്തായി 6:12 എന്ന് പ്രാർത്ഥിക്കണമെന്ന് ക്രിസ്തു പഠിപ്പിച്ചു. പരീക്ഷണ വേളകളിൽ ശക്തിക്കും സഹായത്തിനുമായി നാം പ്രാർത്ഥിക്കേണ്ടവരാണ് (മത്തായി 5:13) നമ്മുടെ ദൈനംദിന ജീവിതത്തിലെ എല്ലാ ആവശ്യങ്ങൾക്കുവേണ്ടിയും...., (ഭൗതികവും ആത്മീകവുമായ) നാം പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാണ് മത്തായി 6:11.

നമ്മുടെ രാജ്യത്തിലെ ഭരണാധികാരികൾക്കുവേണ്ടിയും....നമ്മുടെ സമാധാനപരമായ ജീവിതത്തിനുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് വചനത്തിലൂടെ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. (1 തിമൊഥെയോസ് 2:1—2). സഭയിൽ മൂപ്പന്മാരായവർ (elders) രോഗികൾക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.... (യാക്കോബ് 5:14).

ക്രിസ്തു, നാം പ്രാർത്ഥിക്കുമ്പോൾ.... ''നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥി

പ്പീൻ...." മത്തായി 5:44–45 എന്ന് ഓർമ്മിപ്പിച്ചു. ദൈവത്തിന്റെ വേലയിലേയ്ക്ക്; സുവിശേഷഘോഷണത്തിലേയ്ക്ക് അനേകരെ അയക്കേണ്ടതിന് നാം ദൈവത്തോട് പ്രാർത്ഥിക്കേണ്ടവരാണ് (മത്തായി 9:38).

സുവിശേഷകർക്കുവേണ്ടിയും, ദൈവ വേലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടവരാണ്....കൂടാതെ ദൈവ നാമം എപ്പോഴും ഈ ശുശ്രൂഷകളിൽ മഹത്വപ്പെടേണ്ടതിനു വേണ്ടിയും നാം അപേക്ഷിക്കുവാൻ ശ്രദ്ധിക്കണം. (2 തെസ്സലൊനിക്യർ 3:1).

പ്രാർത്ഥനയെക്കുറിച്ചുള്ള ചുരുക്കമായ ഈ ലേഖനത്തിലൂടെ അനേകം സത്യങ്ങൾ നാം ഗ്രഹിച്ചുവല്ലോ. പ്രാർത്ഥനയിൽ ദൈവത്തോടുള്ള നമ്മുടെ നന്ദിയും ആവശ്യങ്ങളെക്കുറിച്ചുള്ള യാചനയും മാത്രമല്ല അടങ്ങിയിരിക്കുന്നത്....പിന്നെയോ നമ്മുടെ വിശ്വാസത്തിന്റെയും, സമർപ്പണത്തിന്റെയും, ദൈവവുമായുള്ള ബന്ധത്തിന്റെയും സുന്ദരമായ, ഉന്നതമായ ഒരു പ്രതിഫലനവുമാണ് അത്.

മനസ്സിലാക്കിയ ഈ സത്യങ്ങൾ താങ്കളുടെ ജീവിതത്തിൽ എപ്രകാരമാണ് പ്രവർത്തിക്കുക....ശരിയായ ഒരു പ്രാർത്ഥനാ ജീവിതം അവകാശമാക്കുവാൻ താങ്കൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

---

# മനുഷ്യൻ ആര് ?

(തുടർച്ച)

ദൈവത്തെ കണ്ടെത്തുന്നതിന് ദൈവം തന്റെ സൃഷ്ടികളിലൂടെയും അല്ലാതെയും അനവധി സാഹചര്യങ്ങൾ മനുഷ്യനു് നല്കിയിട്ടും മനുഷ്യൻ അവയെ നിഷേധിക്കുകയാണ്, ചെയ്തതു്....സകല മനുഷ്യരും അങ്ങനെ ഈ അവസ്ഥയിലായി തീർന്നിരിക്കുന്നു....അതുകൊണ്ടാണ് മനുഷ്യ ജീവിതത്തിൽ അക്രമവും, സമാധാനമില്ലായ്മയും, കൊലയും, കൊള്ളയും എല്ലാം വ്യാപരിക്കുന്നതു്....സമാധാനമില്ലാത്ത കുടുംബബന്ധങ്ങൾ വിഗ്രഹ ആരാധനകൾ അങ്ങനെ പല തരത്തിലാണ് ദൈവവുമായി അകന്നു ജീവിക്കേണ്ടി വന്നതിനാൽ മനുഷ്യനു നേരിടുന്ന പ്രശ്നങ്ങൾ....മനുഷ്യ ജീവിതം എന്നാൽ എന്ത് ? എന്നു് ശരിയായി മനസ്സിലാക്കുവാൻ പരാജയപ്പെട്ട മനുഷ്യൻ സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി മറ്റു മനുഷ്യരെ കൊല്ലുവാൻ പോ

ലും മടിക്കുന്നില്ല എല്ലാ മനുഷ്യരും പരസ്പരം സ്നേഹത്തോടെ ജീവിക്കുമ്പോൾ അവിടെ യഥാർത്ഥമായ സമാധാനവും നീതിയും നടക്കുന്നു. തിന്മ അകന്നു പോകുന്നു.

ഈ നാശകരമായ മനുഷ്യ ജീവിതത്തിൻെറ കാരണം മനുഷ്യനെ ദൈവത്തിൽ നിന്ന് അകററിയ പാപം (ദൈവത്തോടുള്ള അനുസരണക്കേട്) ആണ് എന്ന് മനുഷ്യനെ മനസ്സിലാക്കുവാൻ നാം നേരത്തെ ഉദ്ധരിച്ച ഏതെങ്കിലും ദൈവങ്ങൾക്കു് കഴിഞ്ഞുവോ ? ജീവിത പരാജയത്തിൽ നിന്ന് മനുഷ്യനെ രക്ഷിക്കുവാൻ കഴിയുന്ന യഥാർത്ഥ ദൈവമല്ല അവർ എന്ന് വളരെ വ്യക്തം.

ഈ അവസരത്തിൽ നാം വളരെയധികം കേട്ടുപരിചിതമായ പക്ഷേ ശരിയായി മനസ്സിലാക്കിയിട്ടില്ലാത്ത മററൊരു നാമം ശ്രദ്ധിക്കപ്പെടുന്നു; യേശുക്രിസ്തു (Jesus Christ).

മനുഷ്യ ജീവിതവും യേശുക്രിസ്തുവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ക്രിസ്തു മനുഷ്യനുവേണ്ടി എന്തു ചെയ്തു എന്നും നമുക്ക് ശ്രദ്ധിക്കാം. അങ്ങനെ യേശുക്രിസ്തു എപ്രകാരം വ്യത്യസ്തനായി, ദൈവമായി നിലകൊള്ളുന്നു എന്നറിയുവാൻ കഴിയും. ഒരു തുറന്ന മനസ്സാക്ഷിയോടുള്ള സമീപനം സത്യം കണ്ടെത്തുവാൻ നമ്മെ സഹായിക്കും.

യേശുക്രിസ്തു മനുഷ്യനായാണ് ഭൂമിയിൽ അവതരിച്ചതു്. ഏതു രൂപത്തിലും അവതരിക്കുവാൻ കഴിയുന്ന ദൈവം മനുഷ്യനെ രക്ഷിക്കുവാൻ, നയിക്കുവാൻ മനുഷ്യൻേറതല്ലാത്ത മററൊരു രൂപമെടുത്തിരുന്നുവെങ്കിൽ നാം അംഗീകരിക്കുമായിരുന്നോ ? മനുഷ്യനെ മനസ്സിലാക്കുവാൻ മനുഷ്യനു മാത്രമേ കഴിയുകയുള്ളു എന്നതിനാലും, മനുഷ്യരുമായി താദാത്മ്യം പ്രാപിക്കണം എന്ന ഉദ്ദേശവുമായിരിക്കണം യേശുക്രിസ്തുവിനെ മനുഷ്യനായി കടന്നുവരുവാൻ പ്രേരിപ്പിച്ചതു്.

മനുഷ്യൻെറ പാപത്തിൻെറ കാഠിന്യത്തെക്കുറിച്ചും, ഭവിഷ്യത്തുക്കളെക്കുറിച്ചും, അതിനാൽ മനുഷ്യനു നേരിടേണ്ടിവരുന്ന നിത്യ നരകമെന്ന ശിക്ഷയെക്കുറിച്ചും, പാപത്തിൽ നിന്ന് എപ്രകാരം മനുഷ്യൻ മനംതിരിയണം എന്നതിനെക്കുറിച്ചുമെല്ലാം ക്രിസ്തു മനുഷ്യനെ ഉപദേശിച്ചു. സ്വയമായി ഈ പാപഭാരത്തിൽ നിന്നു് കരകയറുവാൻ കഴിയാത്ത മനുഷ്യരാശിക്കു വേണ്ടി ഒരു ത്യാഗമായി തീരുവാനും ക്രിസ്തു തയ്യാറായി. സ്വന്തമായ മഹത്വത്തിനു വേണ്ടിയായിരുന്നുവോ ക്രിസ്തു ആ ത്യാഗം ഏറെറടുത്തതു്? ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനു വേണ്ടി അല്ലായിരുന്നു ക്രിസ്തു മരിച്ചതു്....

(തുടരും)

# അനൈക്യം

ക്രീസ്ത്യാനികൾ എന്നു പരക്കെ അറിയപ്പെടുന്ന ഇന്നത്തെ ഭൂരിഭാഗം ആളുകളുടെയും ആധാരമായ ശാസ്ത്രം, പാട വെട്ടിമാററിയ പാലു പോലെ കഴമ്പില്ലാത്തതും ശക്തി നഷ്ടപ്പെട്ടതുമാണ്; സഭയ്ക്കു ഒരു കാലത്ത് ലോകത്തിന്മേൽ ഉണ്ടായിരുന്ന സ്വാധീനം നഷ്ടപ്പെട്ടുപോയി. ലക്ഷ്യമില്ലാത്ത പ്രസംഗങ്ങൾ ലക്ഷ്യബോധമില്ലാത്ത ജീവിതത്തിലേക്ക് ആളുകളെ നയിച്ചു. സുവിശേഷത്തിന്റെ ശക്തി നഷ്ടപ്പെട്ടു എന്നല്ല ഇതിന്റെ അർത്ഥം. ശ്രോതാക്കളുടെ അഭിരുചിക്ക് അനുസരണമായി അഥവാ അവരുടെ കർണ്ണരസമാകുമാറ് കഴമ്പില്ലാത്ത പ്രസംഗങ്ങൾ നടത്തി ഉപദേഷ്ടാക്കന്മാർ ജനങ്ങളുടെ നന്മതിന്മകളെ തിരിച്ചറിയുവാനുള്ള കഴിവിനെ മന്ദീഭവിപ്പിച്ചിരിക്കയാണ്:

റോമർക്കെഴുതിയ ലേഖനം ഒന്നാം അദ്ധ്യായം 16-ാം വാക്യത്തിൽ രക്ഷക്കായിട്ടുള്ള ദൈവ ശക്തി സുവിശേഷമാണ് എന്ന സത്യത്തിന് എന്തുപററി എന്നു നിങ്ങൾ ചോദിച്ചേക്കാം. വാസ്തവത്തിൽ ആ സുവിശേഷം അന്നത്തെപ്പോലെ ഇന്നും ശക്തിമത്താണ്. പക്ഷേ അതു വഹിക്കേണ്ടവർ തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്നും ചുമതലയിൽ നിന്നും വിട്ടുമാറി എന്നുള്ളതാണ് ദുഃഖകരമായ സത്യം. അവർ തങ്ങളുടെ ശ്രദ്ധയെ തങ്ങളുടെ ചുററുപാടും ഉള്ള രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും ആയ പ്രശ്നങ്ങളിലേക്ക് തിരിച്ച് തങ്ങളെ ഏല്പിച്ച ഉത്തരവാദിത്വത്തിൽ നിന്നും പരാജയപ്പെട്ടു പോകയാണ്. ആധുനിക ഉപദേഷ്ടാക്കന്മാർക്ക് പലർക്കും ലളിതമായ ക്രിസ്തുവിന്റെ സുവിശേഷം പറയുന്നത് നാണക്കേടായി തീർന്നിരിക്കയാണ്. ഈ മനോഭാവത്തെ 1 കൊരിന്ത്യർ 2-ാം അദ്ധ്യായം 1-5 വരെയുള്ള വാക്യങ്ങളിൽ അപ്പോസ്തലനായ പൗലോസ് കാണിച്ചിരിക്കുന്ന മനോഭാവവുമായി താരതമ്മ്യപ്പെടുത്തി നോക്കുക. 'ഞാനും സഹോദരന്മാരെ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റേയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നത്, ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറെറാന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. നിങ്ങളുടെ വിശ്വാസത്തിനു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തിതന്നെ ആധാരമായിരിക്കേണ്ടതിനു എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല, ആത്മാവിന്റെയും ശാന്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്. ഈ മനോഭാവമനുസരിച്ച് നമ്മുടെ വിശ്വാസം മാനുഷിക ജ്

ജ്ഞാനത്തിൽ നിലനിർത്താതെ ദൈവാത്മാവിൻേറയും ശക്തിയുടേയും അടിസ്ഥാനത്തിൽ നിലനിർത്തുവാൻ നാം ബാദ്ധ്യസ്ഥരാണ്. കാരണം ഒന്നാം നൂററാണ്ടിൽ തന്നെ ദൈവത്തോടുള്ള ഏകാഗ്രത വിട്ട് മനുഷ്യൻ തെററിപ്പോകുവാൻ ഉള്ള സാദ്ധ്യതയെ അപ്പോസ്തലൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ശ്രദ്ധിക്കുക: ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിൻെറ എരിവോടെ എരിയുന്നു. ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹം നിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു. അപ്പോസ്തലൻെറ ഈ ഭയം യാഥാർത്ഥ്യമായി തീർന്നു എന്ന് ഇന്ന് ക്രിസ്തീയ ഗോളത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ മനസ്സിലാകും.

അപ്പോസ്തലന്മാരുടെ ഒന്നാം നൂററാണ്ടിലെ പ്രസംഗങ്ങളുടെ കേന്ദ്രബിന്ദു എപ്പോഴും ക്രൂശിക്കപ്പെട്ട ക്രിസ്തു മാത്രമായിരുന്നു. ആ സത്യം പറയുമ്പോഠം കേഠംവിക്കാരുടെ പ്രസാദം അവർ നോക്കിയിരുന്നില്ല. പലപ്പോഴും തങ്ങളുടെ ശ്രോതാക്കഠം അവരെ കല്ലെറിഞ്ഞം ഓടിക്കുകയും അവരെ കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. അവർ പ്രസംഗിക്കാൻ പോയ സ്ഥലങ്ങളിലെല്ലാം തന്നെ അന്നത്തെ ജ്ഞാനികളും പ്രതാപവാന്മാരുമായ ആളുകളിൽ നിന്ന് പലപ്പോഴും പരിഹാസ ശരങ്ങഠം ആണ് അവർക്ക് ഏൽക്കേണ്ടിവന്നത്. ലോകപ്രകാരമുള്ള കാഴ്ചപ്പാടിൽ അന്നത്തെ അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളെ അന്നു നാം വിലയിരുത്തിയിരുന്നു എങ്കിൽ അവരുടെ പ്രസംഗങ്ങഠം എല്ലാം ബുദ്ധിശൂന്യമാണ് എന്ന് നാമും മുദ്ര അടിക്കുമായിരുന്നു. എന്നാൽ ചരിത്രം സുവിശേഷത്തിൻെറ ശക്തിയെ വ്യക്തമായി തെളിയിച്ചു തരുന്നുണ്ട്. മനോഹരമായ ക്ഷേത്രങ്ങളും മാനുഷീക കരങ്ങളാൽ നിർമ്മിക്കാവുന്നതിൽ വെച്ച് ഏററവും മനോഹരമായ ദേവന്മാരുടെയും ദേവിമാരുടെയും പ്രതിമകളും നിറഞ്ഞ പട്ടണങ്ങളിൽ പൗലോസ് ഏകനായി നിന്ന് ക്രിസ്തുവിൻെറ ലളിതമായ സുവിശേഷം പ്രസംഗിച്ചപ്പോഠം അടുത്ത അൻപതോ നൂറോ വർഷങ്ങഠംക്കുള്ളിൽ ആ ദേശക്കാരെല്ലാവരും ക്രിസ്ത്യാനികളായിത്തീരും എന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. കാരണം പ്രാസംഗികനും അവൻ പ്രസംഗിച്ച സുവിശേഷവും വളരെ ലളിതമായിരുന്നു. അവരുടെ വിജയത്തിൻെറ രഹസ്യം എന്തായിരുന്നു എന്നു ചോദിച്ചാൽ ഒന്നാമതായി ദൈവീക സത്യങ്ങളെക്കുറിച്ച് അവർക്ക് ഉണ്ടായിരുന്ന വ്യക്തമായ പരിജ്ഞാനം, രണ്ടാമത് മനുഷ്യാത്മാക്കളോടുള്ള ആത്മാർത്ഥമായ സ്നേഹം, മൂന്നാമതായി ലളിതമായ സുവിശേഷം, തുറന്നു പറയുവാനുള്ള ധൈര്യം.

ഈ മനോഭാവത്തിൽ നിന്നും ഇന്നത്തെ ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ വ്യതിചലിച്ചുപോയതു കൊണ്ടാണ് ക്രിസ്തീയ സമൂഹങ്ങൾക്ക് തങ്ങളുടെ വിശ്വാസ പരമായി ഇന്നു നാം കാണുന്ന ഗതികേട് ഉണ്ടാകുവാൻ കാരണം. പഴയനിയമ കാലയളവിൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേൽ മക്കൾക്കും ഇപ്രകാരം അധഃപ്പതിച്ച പല കാലയളവുകളും ഉണ്ടായിട്ടുണ്ട്. ധാർമ്മികവും വിശ്വാസപരവുമായി ഒരു ജനം അധഃപ്പതിക്കുന്നതിന് മുഖ്യകാരണം അവരുടെ നേതാക്കൾ തങ്ങളുടെ ജോലി വിശ്വസ്തതയോടെ കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ്. ഇപ്രകാരമുള്ള യിസ്രായേലിന്റെ ഒരു അവസ്ഥയെ യിരമ്മ്യാ പ്രവാചകൻ ചൂണ്ടിക്കാണിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. "അവരൊക്കെയും ആബാലവൃദ്ധം ദ്രവ്യാഗ്രഹികളാകുന്നു. പ്രവാചകന്മാരും പുരോഹിതന്മാരും ഒരുപോലെ വ്യാജം പ്രവർത്തിക്കുന്നു. സമാധാനം ഇല്ലാതിരിക്കെ സമാധാനം എന്ന് അവർ പറഞ്ഞ് എന്റെ ജനത്തിന്റെ മുറിവിന് ലഘുവായി ചികിത്സിക്കുന്നു. (യിരെമ്യാവ് 6:13–14) 1രാജാക്കന്മാർ 12–ാം അദ്ധ്യായത്തിൽ യെരോബയാമിന്റെ നേതൃത്വത്തിൽ യിസ്രായേലിനു പററിയ ധാർമ്മികമായ അധഃപ്പതനം രേഖപ്പെടുത്തിയിരിക്കുന്നു. അവൻ ആരാധനാസ്ഥലം മാററി ഒരു പുതിയ പൗരോഹിത്യം സൃഷ്ടിച്ചു. ഉത്സവ ദിനങ്ങൾക്ക് മാററം വരുത്തി, യിസ്രായേലിനെ വിഗ്രഹാരാധനയിലേക്ക് നയിക്കുകയും ചെയ്തു.

ഇപ്രകാരം നേതൃത്വം വഴിതെററിയതുകൊണ്ട് സമൂഹങ്ങളും രാഷ്ട്രങ്ങളും അധഃപ്പതിച്ച ഉദാഹരണങ്ങൾ നിരവധിയാണ്. കർത്താവായ യേശുക്രിസ്തു ഭൂമിയിൽ വന്ന അവസരത്തിലും ദൈവത്തിന്റെ ജനം അവന്റെ വഴിയിൽ നിന്നും തികച്ചും വ്യതിചലിച്ചു പോകുന്നതായി നാം കാണുന്നു. അവരെ നോക്കിക്കൊണ്ട് ക്രിസ്തു ഇപ്രകാരം പറഞ്ഞു. "നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു. കപടഭക്തിക്കാരേ നിങ്ങളെക്കുറിച്ച് യെശയ്യാവ്–ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു എങ്കിലും അവരുടെ ഹൃദയം എന്നെവിട്ട് അകന്നിരിക്കുന്നു. മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു–എന്നിങ്ങനെ പ്രവചിച്ചത് ഒത്തിരിക്കുന്നു. വീണ്ടും ക്രിസ്തു യഹൂദ നേതാക്കന്മാരെ നോക്കി ഇപ്രകാരം പറഞ്ഞു. അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ. കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും (മത്താ 15:6–9, 14). ഈ നേതൃത്വം തന്നെയാണ് കർത്താവായ യേശുക്രിസ്തുവിനെ ക്രൂശിച്ചത് (1 കൊരി: 2:8).

ഇതേ രീതിയിൽത്തന്നെ ക്രിസ്തീയ ഗോളത്തിനു പററിയ അധഃപ്പതനത്തിനു മുഖ്യകാരണവും നേതൃത്വത്തിന്റെ വഴിപിഴച്ച പോക്കു മൂലമാണെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. ക്രിസ്തീയ വിശ്വാസത്തിന്റെ അധികാരവും അടിസ്ഥാനപരവും ആയിട്ടുള്ള ദൈവവചനത്തെ തിരസ്ക്കരിച്ചതിന്റെ ഫലമായിട്ടാണ് ഈ സ്ഥിതിവിശേഷം ഉണ്ടായത്. വേദപുസ്തകം നൽകിയിരുന്ന മാതൃകയിൽ നിന്നും വ്യക്തമായ കല്പനകളിൽ നിന്നും വ്യത്യസ്തമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഇന്ന് ക്രിസ്തീയ നേതൃത്വത്തിന് ധൈര്യം ഉണ്ടാകുവാൻ കാരണം വേദപുസ്തകം ദൈവശ്വാസീയമാണെന്നുള്ള വിശ്വാസം അവർക്കു പൂർണ്ണമായി നഷ്ടപ്പെട്ടതുകൊണ്ടാണ്. പള്ളികളിലും പ്രസംഗവേദികളിലും തങ്ങളുടെ സ്ഥാനത്തിനും അധികാരത്തിനും ഊന്നുവടിയായി കറുത്ത വേദപുസ്തകം ഉയർത്തിപ്പിടിച്ചുകൊണ്ട് നടക്കുമെങ്കിലും അതിലടങ്ങിയിരിക്കുന്ന ലളിതമായ വസ്തുതകളെപ്പോലും ദൈവം നൽകിയതാണെന്ന് ഉള്ളുകൊണ്ട് സ്വീകരിക്കാൻ മനസ്സില്ലാത്തവരാണ് ഇവരിൽ ഭൂരിഭാഗവും. കഷായത്തിനു മേമ്പൊടിചേർക്കുന്നതുപോലെ തങ്ങളുടെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലും ആരാധനയിലും വേദവാക്യങ്ങൾ വിതറുന്നതിൽ കവിഞ്ഞ് ദൈവവചനത്തിന് കൂടുതലായി ഒരു പ്രാധാന്യം അവർ നല്കുന്നില്ല. നാം മുൻപു കണ്ടതുപോലെ സാമൂഹ്യ—സാമ്പത്തിക വിഷയങ്ങളാണ് ഇന്നത്തെ ആത്മീയ നേതൃത്വത്തിലുള്ളവർ കൈകാര്യം ചെയ്യുന്നത്. കാലത്തിനൊപ്പം പുരോഗമിക്കുവാൻ ദൈവവചനം പരാജയപ്പെട്ടു എന്ന മട്ടിൽ ദൈവത്തേക്കാൾ ബുദ്ധിമാന്മാരായി ചമഞ്ഞു തങ്ങളുടേതായ ചട്ടക്കൂട്ടിൽ ക്രിസ്തീയ സമൂഹത്തെ മുൻപോട്ടു കൊണ്ടുപോകാനാണ് അവർ ശ്രമിക്കുന്നത്. "മനുഷ്യനു തന്റെ വഴിയും നടക്കുന്നവന് തന്റെ കാലടികളെ നേരെയാക്കുന്നതും സ്വാധീനമല്ല എന്നു വ്യക്തമായി തിരുവചനം പഠിപ്പിച്ചിരിക്കെ ക്രിസ്തുവിന്റെ സഭയ്ക്കു, അവന്റെ രക്തത്താൽ വിലക്കു വാങ്ങിയ സഭയ്ക്ക്, മാനുഷികമായ ചട്ടക്കൂടുകൾ ഉണ്ടാക്കി കൊടുക്കുവാൻ ഏതു മനുഷ്യർക്കാണ് അവകാശം? യോഹന്നാന്റെ സുവിശേഷം 12—ാം അദ്ധ്യായം 48—ാം വാക്യത്തിൽ ദൈവവചനം തന്നെ ആയിരിക്കും അന്ത്യനാളിൽ സകലരേയും ന്യായം വിധിക്കുന്നതെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു.

അവസാനമായി ക്രിസ്തീയ വിശ്വാസ സംഹിതയ്ക്കു അതിന്നേരതായിട്ടുള്ള പ്രസക്തി നഷ്ടപ്പെടുവാനുള്ള മുഖ്യമായ കാരണങ്ങളിലൊന്ന് കർത്താവിന്റെ സഭയുടെ പ്രാധാന്യത്തെ അവഗണിച്ചതു കൊണ്ടാണ്. പുതിയ നിയമം നാം പഠിക്കുമ്പോൾ അതിന്റെ

സ്ഥാപകൻ യേശുക്രിസ്തു ആണെന്നും അതിനുവേണ്ടി നൽകപ്പെട്ട വില ദൈവപുത്രന്റെ രക്തമാണെന്നും നാം കാണുന്നു. (മത്തായി 16:18, പ്രവൃത്തി 20:28) എഫേസ്യർക്കെഴുതിയ ലേഖനം 3—ാം അദ്ധ്യായം 10 ഉം 11 ഉം വാക്യങ്ങളിൽ സഭയുടെ ദൗത്യം എന്താണെന്നും എഴുതിയിട്ടുണ്ട്. അതായത് സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവൃത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭ മുഖാന്തിരം അറിവായ് വന്നു. ഈ സഭയെ ആണ് യേശുകിസ്തു നിത്യതയിൽ തന്നോടൊപ്പം ചേർത്ത് രക്ഷിക്കുന്നത്.

ക്രിസ്തു ആഗ്രഹിച്ച പ്രകാരം ഐക്യതയിലും ശക്തിയിലും ക്രിസ്തുവിന്റെ സഭയെ പുനഃസ്ഥാപിക്കുവാൻ നിങ്ങൾക്കിന്നു് ആഗ്രഹമുണ്ടെങ്കിൽ ഇന്നു നാം ചിന്തിച്ച വിഷയങ്ങളെക്കുറിച്ചു് സ്വതന്ത്രമായി ചിന്തിക്കുക. അതായതു് സുവിശേഷം എന്താണെന്നും അതിന്റെ ശക്തി എന്താണെന്നും മനസ്സിലാക്കുക. രണ്ടാമതായി നിങ്ങളെ നയിക്കുന്ന ആത്മീയ നേതൃത്വം വേദപുസ്തക സത്യങ്ങളോട് നീതി പുലർത്തുന്നുവോ എന്നു് പരിശോധിക്കുക. മൂന്നാമതായി വേദപുസ്തകത്തിന്റെ യഥാർത്ഥ അധികാരം അംഗീകരിക്കുക. നാലാമതായി — ക്രിസ്തുവിന്റെ സഭയ്ക്കു് ദൈവം കൊടുത്ത പ്രാധാന്യം നമ്മളും കൊടുക്കുക. ഇപ്രകാരം സത്യം കണ്ടെത്തി സ്വാതന്ത്ര്യം പ്രാപിക്കുവാൻ ദൈവം നിങ്ങളെ ഓരോരുത്തരേയും അനുഗ്രഹിക്കട്ടെ.

---

# പാപത്തിന്റെ സ്വഭാവം

ക്രിസ്തീയ വിശ്വാസത്തിന്റെ ഏററവും വിലയേറിയതും പ്രത്യേകതയുള്ളതുമായ ഒരു വിഷയമാണ് ഇതു്. കാലാകാലങ്ങളായി ആധുനികതയുടെ മറപിടിച്ചുകൊണ്ട് പലരും ക്രിസ്തീയ വിശ്വാസത്തിൽ അടങ്ങിയിരിക്കുന്ന ഈ യാഥാർത്ഥ്യത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്. മറെറാരു മത സംഹിതയും ഈ വിഷയത്തെ വ്യക്തമായി ചൂണ്ടിക്കാണിക്കുകയോ യുക്തിപരമായ നിവാരണ മാർഗ്ഗം നൽകുകയോ ചെയ്തിട്ടില്ല. ഈ വിഷയം എന്താണെന്നു് നിങ്ങൾ ഇപ്പോൾ ചിന്തിച്ചേക്കാം. ഇതു നമുക്കേവർക്കും സുപരിചിതമായ ''പാപ''മാണു്. പാപം എന്നും പാപി എന്നും ഉള്ള വാക്കുകൾ സാധാരണഗതിയിൽ ഉപയോഗിക്കപ്പെടാറുള്ള വാക്കുകളാണെങ്കിലും അതിന്റെ ഉത്ഭവത്തെക്കുറിച്ചോ സ്വഭാവത്തെക്കുറിച്ചോ അനന്തര ഫലങ്ങളെക്കുറിച്ചോ വ്യക്തമായ ധാരണ പലർക്കും ഇല്ലെന്നുള്ളതാണ് സത്യം. ഞാൻ മുൻ

പു പറഞ്ഞതുപോലെ കഴിഞ്ഞ നൂററാണ്ടുകളിൽ പാപ ബോധത്തെപ്പററി പ്രശസ്തരായ പല മനഃശാസ്ത്രജ്ഞൻമാരും തെററായ ധാരണ അതായതു് വേദപുസ്തകത്തിനു വിപരീതമായ ധാരണ നൽകുവാൻ ശ്രമിച്ചിട്ടുണ്ടു്. അവരുടെ ശ്രമം ഏറെക്കുറെ വിജയിച്ചു എങ്കിലും അതിൻെറ ദൂരവ്യാപകമായ ഭവിഷ്യത്ത് സാംസ്കാരികവും വിദ്യാഭ്യാസപരവുമായി വളരെ ഉയർന്ന പല സമൂഹങ്ങളിലും ഇന്നു് അനുഭവിച്ചു കൊണ്ടാണിരിക്കുന്നതു്. പാപത്തെയും കുററബോധത്തെയും മായ്ച്ചു കളവാൻ മനുഷ്യൻ കണ്ടെത്തിയ ഉപാധികളെല്ലാം നിരാശക്കു മാത്രമേ വക നൽകിയിട്ടുള്ളു.

എന്നാൽ വേദപുസ്തകം പാപത്തെപ്പററി പറഞ്ഞിരിക്കുന്ന ചില ലളിതമായ ഭാഗങ്ങൾ നമുക്കു നോക്കാം. ഉദാഹരണമായി യാക്കോബിൻെറ ലേഖനം 1-ാം അദ്ധ്യായം പതിനാലും പതിനഞ്ചും വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. ''ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു് സ്വന്തമോഹത്താൽ ആകർഷിച്ചു് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ടു് മരണത്തെ പെറുന്നു'' ഇവിടെ പ്രസവിക്കുക എന്നു പറഞ്ഞിരിക്കുന്നതു് പാപത്തെ ഉത്ഭവിപ്പിക്കുക അല്ലെങ്കിൽ രൂപം കൊടുക്കുക എന്ന അർത്ഥത്തിലാണ്. ജഢപ്രകാരമുള്ള ഒരു പ്രസവമല്ല. പാപമെന്നതു്, ദൈവീക വ്യവസ്ഥിതിക്കു് എതിരെയുള്ള മറുതലിപ്പാണ്. ലോകത്തിലേക്കും വെച്ച് ഏററവും ഭയാനകമായ ഒരു വസ്തുതയത്രെ ഇത്. കാരണം സകലവിധ ദുഃഖത്തിൻേറയും കഷ്ടപ്പാടിൻേറയും മരണത്തിൻേറയും ഉത്ഭവമാണിത്. അറിവില്ലായ്മകൊണ്ടും ഉണ്ടാകുന്ന പാപങ്ങൾ ഉണ്ട്, ശ്രദ്ധക്കുറവിനാൽ ഉണ്ടാകുന്ന പാപങ്ങൾ ഉണ്ട്. ഇപ്രകാരം പല രീതിയിലും പലവശങ്ങളിലും കൂടി നാം പാപത്തിന് അടിമപ്പെടാനുള്ള സാദ്ധ്യത ഉള്ളതുകൊണ്ടാണ് സ്വർഗ്ഗസ്ഥനായ ദൈവം ലോകാരംഭത്തിനു മുൻപുതന്നെ ദൈവീക നീതിക്കു നിരക്കത്തക്കവണ്ണം അതിനു തക്കതായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു തന്നിട്ടുള്ളത്. പഴയനിയമ കാലയളവിൽ ദൈവപുത്രനായ ക്രിസ്തുയേശുവിൻെറ ക്രൂശിൽ യാഗത്തെ മുൻ കണ്ടുകൊണ്ട് പാപമോചനത്തിനായി മൃഗയാഗങ്ങൾ അർപ്പിക്കുവാൻ ദൈവം കല്പിച്ചു എങ്കിൽ കാലസമ്പൂർണ്ണതയിങ്കൽ യേശുവിൻെറ ജനനം, മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കുശേഷമുള്ള പുതിയനിയമ കാലയളവിൽ പാപമോചനത്തിനായി യേശുക്രിസ്തു തൻെറ അപ്പോസ്തലൻമാരിൽ കൂടി നൽകിയ കല്പനകൾ ഹൃദയപൂർവ്വം അനുസരിക്കുവാൻ പറഞ്ഞിരിക്കുന്നു. പഴയനിയമത്തിൽ കൂടിയും പുതിയനിയമത്തിൽ കൂടിയും പാപത്തേയും അതിൻെറ അനന്തര ഫലങ്ങളേയും അതിജീവിക്കുവാനുള്ള മനുഷ്യൻെറ കഴിവില്ലായ്മ ദൈവം നമുക്ക് മനസ്സിലാക്കിത്തരുന്നു. എല്ലാവരും പാപം ചെയ്തു ദൈ

പ്രതീക്ഷ ഇല്ലാതായിത്തീർന്ന അവസ്ഥയിൽ തങ്ങളുടെ സൃഷ്ടാവായ ദൈവത്തിങ്കലേക്കു നോക്കി അവന്റെ സഹായം നേടിക്കൊണ്ട് ഈ ലോകത്തിൽ സന്തോഷവും സമാധാനവും ഉള്ള ജീവിതം നയിക്കുവാനാണ് ദൈവം നമ്മെ ഓരോരുത്തരേയും കുറിച്ച് ആഗ്രഹിക്കുന്നത്.

ഏത് അനീതിയും പാപമാണെന്നും പാപം ചെയ്യുന്നവൻ എല്ലാം അധർമ്മം അഥവാ ദൈവകല്പന ലംഘിക്കുന്നു എന്നും വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. അതുപോലെ തന്നെ തെററാണെന്നു നാം വിശ്വസിക്കുന്ന ഒരു കാര്യം പരപ്രേരണയാലോ അല്ലാതെയോ നാം ചെയ്യുകയാണെങ്കിൽ അത് പാപമാണെന്നു പറഞ്ഞിരിക്കുന്നു. റോമർക്കെഴുതിയ ലേഖനം 14–ാം അദ്ധ്യായം 23–ാം വാക്യത്തിൽ ഭക്ഷണകാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ അപ്പോസ്തലനായ പൗലോസ് ഇപ്രകാരം പറയുന്നു. ''എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അത് വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ'' ഇതെന്തുകൊണ്ട് എന്ന് നിങ്ങൾ ചിലപ്പോൾ ചിന്തിച്ചേക്കാം തന്റെ സ്വന്തം മനഃസാക്ഷിക്കു വിരുദ്ധമായി ഒരുവൻ ഒരു പ്രവൃത്തി ചെയ്യുമ്പോൾ, ആ പ്രവൃത്തി, സ്വയമേ ശരിയാണെങ്കിൽത്തന്നെ തെററാണ് എന്നുള്ള വിശ്വാസത്തിൽ ചെയ്യുന്നതിനാൽ സത്യത്തിനെതിരെ പ്രവൃത്തിക്കുവാനായി അവന്റെ മനസ്സിനെ കഠിനപ്പെടുത്തുന്ന ഒരു പ്രവണതയിലേക്കാണ് അവനെ നയിക്കുന്നത്. അപ്പോസ്തലൻ പറഞ്ഞിരിക്കുന്ന ഈ സത്യം സാമാന്യബുദ്ധി ഉപയോഗിച്ച് നാം ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. കാരണം പിന്നീടൊരവസരത്തിൽ ശരിക്കും തെററായ ഒരു പ്രവൃത്തി ചെയ്യുമ്പോഴും തന്റെ മനഃസാക്ഷിയുടെ എതിർപ്പിനെ അവഗണിക്കുവാൻ മുൻ പറഞ്ഞ വ്യക്തിക്ക് എളുപ്പമാണ്. അതുകൊണ്ടാണ് അപ്പോസ്തലൻ പറഞ്ഞത് വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമാണെന്ന്.

അപ്പോൾ പിന്നെ പാപം ചെയ്യാതെ ജീവിക്കുവാൻ നമ്മെക്കൊണ്ട് എപ്രകാരം സാധിക്കും ? ഈ ചോദ്യത്തിന് ശരിയായ ഒരു ഉത്തരം കണ്ടെത്തുവാനായി പുതിയനിയമത്തിലെ ഒരു പുസ്തകത്തിൽ നിന്നു തന്നെ രണ്ടു വാക്യങ്ങൾ നിങ്ങളുടെ മുൻപിൽ വെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി 1 യോഹന്നാൻ 1–ാം അദ്ധ്യായം 8–ാം വാക്യം. ''നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി'' അടുത്ത വാക്യം 1 യോഹന്നാൻ 3–ാം അദ്ധ്യായം 6–ാം വാക്യം. ''അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല; പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല''. നാം ഇപ്പോൾ വായിച്ച ഈ രണ്ടു വേദഭാഗങ്ങളിൽ ഒന്നാമത്തേതിൽ അപ്പോസ്തലനായ

യോഹന്നാൻ താൻ ഉൾപ്പെടെയുള്ള വിശുദ്ധന്മാരെപ്പററി സംസാരിക്കുമ്പോൾ അവരിലെല്ലാം പാപം ഉണ്ട് എന്ന സത്യം തുറന്നു സമ്മതിക്കുന്നു. അപ്രകാരം സമ്മതിക്കാത്തവൻ സ്വയം വഞ്ചിക്കയാണെന്നും അപ്പോസ്തലൻ ഊന്നിപ്പറയുന്നു. എങ്കിൽ പിന്നെ അതേ പുസ്തകം മൂന്നാം അദ്ധ്യായം 6-ാം വാക്യത്തിൽ ദൈവത്തിൽ വിശ്വസിക്കുന്നവൻ പാപം ചെയ്യുന്നില്ല എന്നുപറവാൻ കാരണം എന്താണ്? ഈ വാക്യങ്ങൾ പരസ്പര വിരുദ്ധമാണോ? തീർച്ചയായും അല്ല. ഒന്നാം അദ്ധ്യായത്തിന്റെ അവസാനത്തിലും രണ്ടാം അദ്ധ്യായത്തിലും പറഞ്ഞിരിക്കുന്ന വസ്തുതകൾ വായിച്ചു ഗ്രഹിച്ചാൽ നാം മുൻപു കണ്ട രണ്ടു വാക്യങ്ങളെക്കുറിച്ചുള്ള സംശയം മാററാവുന്നതാണ്. അതായത്, ക്രിസ്ത്യാനി ആയതുകൊണ്ട് ഒരുവൻ പാപം ചെയ്യാതിരിക്കുന്നില്ല. ജഡത്തിൽ ജീവിച്ചിരിക്കുന്നിടത്തോളം കാലം അറിഞ്ഞോ അറിയാതെയോ തെററുകൾ ചെയ്യുവാൻ സാദ്ധ്യതയുള്ള വ്യക്തികൾ ആണ് നാം ഓരോരുത്തരും. എന്നാൽ ക്രിസ്തുവിൽ ആയിത്തീർന്ന ഒരു വ്യക്തിയെ സംബന്ധിച്ച് ഇതൊരു പ്രശ്നമല്ല എന്ന് അവൻ ചൂണ്ടിക്കാണിക്കുന്നു. കാരണം ക്രിസ്ത്യാനി ദൈവവചനപ്രകാരം ജീവിക്കുവാൻ ആത്മാർത്ഥമായി തീരുമാനമെടുത്ത വ്യക്തിയാണ്. ഒററപ്പെട്ട പാപപ്രവൃത്തികൾ അവന്റെ ജീവിതത്തിൽ ഉണ്ടാകാമെങ്കിലും അനുതാപ ഹൃദയത്തോടെ ദൈവ മുൻപാകെ അത് ഏററുപറയുവാൻ മനഃസ്ഥിതി കാണിക്കുന്നിടത്തോളം കാലം ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയിൽ കൂടി തുടർച്ചയായി അവന്റെ പാപങ്ങൾ മോചിക്കപ്പെട്ടുകൊണ്ട് ഇരിക്കുന്നു. ഇപ്രകാരം ക്രിസ്തുവിൽ വസിക്കുന്നവൻ പാപരഹിതനായിത്തീരുന്നു. ഇതാണ് അപ്പോസ്തലൻ രണ്ടാമതു പറഞ്ഞ വാക്യത്തിന്റെ സാരം ''അവനിൽ വസിക്കുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല'' അനുതാപം ഇല്ലാത്ത ഹൃദയത്തോടുകൂടി തുടർച്ചയായി പാപ പ്രവർത്തികൾ ചെയ്തു ഹൃദയം കഠിനപ്പെടുത്തി ജീവിക്കുന്നവരെയാണ് ഈ വേദഭാഗത്തിൽ ദൈവത്തെ അറിയാത്തവനായി അഥവാ കണ്ടിട്ടില്ലാത്തവനായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

നമ്മുടെ മാനസികാവസ്ഥയിലും ശാരീരികമായും ചെയ്യുന്ന പാപങ്ങൾ ഉണ്ട്. എന്നാൽ യേശുക്രിസ്തു ഇവ രണ്ടും അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുകയാണെന്നു നമ്മെ പഠിപ്പിച്ചിരിക്കുന്നു. ശ്രദ്ധിക്കുക ''കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവ്വന്മാരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നതു: സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും; സഹോദരനോട് നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേണ്ടിവരും: മൂഢാ എന്നു പറഞ്ഞാലോ

അഗ്നി നരകത്തിനു യോഗ്യനാകും.'' വീണ്ടും ശ്രദ്ധിക്കുക ''വ്യഭിചാരം ചെയ്യരുതെന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തു പോയി'' ചുരുക്കത്തിൽ ശാരീരികമായ പ്രവൃത്തികൾ എല്ലാം തന്നെ വളരെ അപൂർവ്വം സന്ദർഭങ്ങൾ ഒഴിച്ച് മാനസികമായ അവസ്ഥയുടെ പ്രതിഫലനങ്ങൾ ആണെന്നാണ് യേശുക്രിസ്തു ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അപൂർവ്വം സന്ദർഭങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് പെട്ടെന്ന് പ്രകോപിപ്പിക്കപ്പെട്ട് ചിന്തിക്കാതെ ചെയ്യുന്ന ചില പ്രവർത്തികളെ ഉദ്ദേശിച്ചാണ്.

പാപത്തിന്റെ ഉത്ഭവവും സ്വഭാവവുമാണ് നാം ഇതുവരെ പഠിച്ചുകൊണ്ടിരുന്നതു്. ആദി മനുഷ്യനാൽ ലോകത്തിൽ പാപം വന്ന നാൾ മുതൽ മനുഷ്യർ ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം ഈ പ്രക്രിയ തുടർന്നു കൊണ്ടിരിക്കും നന്മതിന്മകളെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നൽകിയതിന്റെ ഫലമാണ് ഇതെന്ന് നമുക്ക് പറയാം. ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായത്തിൽ നിന്നും മനുഷ്യനെ ആദ്യമായി പാപം ചെയ്യുവാൻ പ്രേരിപ്പിച്ചതു് സാത്താനാണെന്നു് നാം കാണുന്നുണ്ടെങ്കിലും അനുസരിക്കാനോ അനുസരിക്കാതിരിപ്പാനോ ഉള്ള സ്വാതന്ത്ര്യബുദ്ധി മനുഷ്യനു നൽകിയിരുന്നതിനാൽ പാപം ചെയ്തതിന്റെ ഉത്തരവാദിത്വം മനുഷ്യനിൽ തന്നെ ഉള്ളതായി നാം കാണുന്നു. ഈ ഉത്തരവാദിത്വം ഉള്ളതുകൊണ്ടാണ്, ശിശുക്കൾക്കും ജന്മനാ ബുദ്ധിശക്തി ഏതെങ്കിലും കാരണത്താൽ ഇല്ലാത്തവർക്കും പാപം ഇല്ല എന്നു പറവാൻ കാരണം. പാപത്തിന്റെ ഫലങ്ങൾ തലമുറയായി ( ഉദാ: മരണം )അനുഭവിക്കേണ്ടി വരുമെങ്കിലും പാപം ചെയ്തതിന്റെ കുററം അവനവന്റെ മേൽതന്നെയാണ്. ഈ വിഷയത്തെപ്പററി കൂടുതലായി അറിയേണ്ടവർ യെഹസ്കേൽ 18–ാം അദ്ധ്യായം ശ്രദ്ധിച്ചു വായിക്കുക. ജന്മപാപം എന്ന സാമുദായിക ദുരുപദേശം വേദപുസ്തക സത്യങ്ങൾക്കു് എതിരാണ്. ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം ഇങ്ങനെയുള്ള പാപത്തിന്റെ മൂല്യമായ പ്രേരണാശക്തികൾ ദൈവത്തിൽ നിന്നല്ല മറിച്ച് പിശാചിൽ നിന്നുമാണ് ഉത്ഭവിക്കുന്നതെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

അവസാനമായി പാപത്തിന്റെ ഫലങ്ങൾ ദൈവത്തിൽ നിന്നുമുള്ള അകൽച്ചയും മരണവുമാണെന്നു് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. (യെശയ്യാവു് 59:1, 2; യെഹസ്കേൽ 18:4) പുതിയ നിയമത്തിൽ പാപത്തിന്റെ ശമ്പളം മരണമാണെന്നു് അപ്പോസ്തലനായ പൌലോസ് പറഞ്ഞിരിക്കുന്നു. വ്യക്തിപരമായി നമ്മെ ഓരോരുത്തരേ

യും ബാധിക്കുന്ന ഈ പ്രശ്നത്തെക്കുറിച്ചു യാഥാർത്ഥ്യ ബോധത്തോടു കൂടി ദൈവവചനത്തിന്റെ വെളിച്ചത്തിൽ നാം ചിന്തിക്കേണ്ടതാണ്. അപ്പോൾ യേശുക്രിസ്തുവിൽ കൂടി നൽകിയിരിക്കുന്ന നിവാരണ മാർഗ്ഗങ്ങൾ നിങ്ങൾക്കു കണ്ടെത്തുവാൻ കഴിയും. അപ്രകാരം നിങ്ങളുടെ ജീവിതത്തിൽ ശാന്തിയും സമാധാനവും കൈവരിക്കുവാൻ സാധിക്കുകയും ചെയ്യും. യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊൾവാൻ ദൈവം നിങ്ങൾക്കു ഓരോരുത്തർക്കും ഇടവരുത്തുമാറാകട്ടെ.

# ഒരു സ്ത്രീയുടെ അലങ്കാരം

സ്ത്രീയെ പുരുഷനിൽ നിന്നു തിരിച്ചറിയുന്ന ബാഹ്യമായ രണ്ടു ഘടകങ്ങളാണല്ലോ മുടിയും വസ്ത്രധാരണവും. പുരാതന സംസ്ക്കാരത്തിൽ നിന്ന് ആധുനികതയിലേക്കും അവിടെ നിന്നു അത്യന്താധുനികതയിലേക്കും കുതിച്ചുയരുന്ന സംസ്ക്കാരത്തിന്റെ ഒരു ഭാഗമായി മാറിയിട്ടുണ്ട് മുകളിൽ പറഞ്ഞതായ രണ്ടു കാര്യങ്ങളും. ഒരു പക്ഷെ അതു ഫാഷൻ എന്ന രീതിയിൽ എടുത്താലും നിഷേധിക്കാനാവാത്ത ചില സുപ്രധാന കാര്യങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ ലേഖന കർത്താവിന് ആരെയും വിമർശിക്കണം എന്ന ഒരു ദുരുദ്ദേശത്തോടെയല്ല; മറിച്ച് നമ്മുടെ സഹോദരികൾ എവിടെ നില്ക്കുന്നു എന്നു ചിന്തിക്കുന്നതിനുള്ള ഒരവസരം ഒരുക്കുക മാത്രമാണ് ഉദ്ദേശം. പഴയ നിയമത്തിൻ കീഴിലല്ല ഇന്നു നാം ജീവിക്കുന്നത്. പുരോഗതി നമുക്ക് എല്ലാവിധത്തിലും ആവശ്യമാണ്. ബൈബിളിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും വ്യക്തമാക്കുന്ന ഒരു വസ്തുത, സ്ത്രീയും പുരുഷനും അവരുടെ വസ്ത്രധാരണത്താൽ തിരിച്ചറിയപ്പെടണം എന്നതാണ് ( ആവർത്തന 22:5, റോമർ 14:4; 1 പത്രോസ് 3:1–6 ).

എന്നാൽ ഇന്ന് യുവതികളിൽ കടന്നുകൂടിയിട്ടുള്ള ഫാഷൻ ഭ്രമം അവരെ പുരുഷന്മാരെന്നോ ആൺകുട്ടികൾ എന്നോ തോന്നിക്കത്തക്കവിധം വസ്ത്രധാരണം നടത്തുവാൻ പ്രേരിപ്പിക്കുന്നു. അതൊരു സ്റ്റൈലായി അനുകരിക്കുന്ന എത്രയോ കുട്ടികളുണ്ട്. പാശ്ചാത്യ സംസ്ക്കാരത്തെ അനുകരിക്കുന്നവരും ഇല്ലാതില്ല. ഒരുമാറ്റത്തിനു വേണ്ടി വെമ്പൽ കൊള്ളുന്നവരാണ് പെൺകുട്ടികളിൽ അധികം പേരും. പെൺകുട്ടികൾക്ക് തങ്ങളുടെ കാഴ്ചപ്പാടിലും പങ്കിലും ഒരു പുതുമ ഉണ്ടാക്കുവാനാണ് താല്പര്യം. ഇതിനു വിപരീത സ്വഭാവക്കാരും ചുരുക്കമായി കണ്ടെന്നു വരും. ഭൂരിപക്ഷത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

സ്ത്രീയുടെ കാഴ്ചപ്പാടിനെക്കുറിച്ചു അവർ യഥാർത്ഥമായി ബോധവതികളല്ല എന്ന വസ്തുത നാം മറക്കരുത്. അതുകൊണ്ട് കുട്ടികളെ ആദ്യം ബോധവൽക്കരിച്ചെടുക്കണം. നാം എന്തുചെയ്താലും അതു ദൈവത്തെ മഹത്വപ്പെടുത്തണം എന്ന മഹത്തായ ഉദ്ദേശം അവരെ പഠിപ്പിക്കണം. അല്ലാതെ കണ്ണടച്ച് എതിർക്കുന്നവരുമാകരുത്. നമ്മുടെ ജീവിതത്തിൽ നമുക്കുള്ള പങ്ക് നാം എങ്ങനെയാണ് നിർവ്വഹിക്കേണ്ടത് ? ദൈവ നിശ്ചയപ്രകാരമായിരിക്കണം. ദൈവം നിങ്ങളെ പുരുഷനായിട്ടാണ് സൃഷ്ടിച്ചതെങ്കിൽ പുരുഷനായി തന്നെ ജീവിക്കുവാൻ ശ്രമിക്കുക. സ്ത്രീയാകാൻ ശ്രമിക്കാതിരിക്കുക. സ്ത്രീയായിട്ടാണ് നിങ്ങളെ ജനിപ്പിച്ചിരിക്കുന്നതെങ്കിൽ പുരുഷനാകാൻ ശ്രമിക്കാതിരിക്കുക. വസ്ത്രധാരണത്തിലും പുറമെയുള്ള കാഴ്ചപ്പാടിലും നമ്മെ തിരിച്ചറിയേണ്ടതെങ്ങനെ എന്ന് വിഭാവനം ചെയ്തത് ദൈവമാണ്, അതിൽ നിന്നും വ്യത്യസ്ഥമായ രൂപഭേദം വൈപരീത്യമുളവാക്കിത്തീർക്കും. അതുകൊണ്ട് നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യം, നമ്മുടെ പ്രവൃത്തിയാൽ ദൈവത്തിന്റെ ഉദ്ദേശത്തെ തുച്ഛീകരിക്കരുത് എന്നതാണ്. യോഗ്യമായ രീതിയിലുള്ള വസ്ത്രധാരണമാണ് സ്ത്രീക്ക് അനുയോജ്യമായതു. ദൈവ വചന പ്രകാരം ജീവിക്കുന്ന ഒരു സ്ത്രീ അവളെ അലങ്കരിക്കേണ്ടത് എങ്ങനെയാണ് ? ഏതു വിധത്തിലുള്ള വസ്ത്രമാണ് ഒരു ക്രിസ്ത്യാനി ധരിക്കേണ്ടത ? വസ്ത്ര ധാരണത്തിന്റെ ഉദ്ദേശം നഗ്നത മറയ്ക്കുകയാണ് എന്നാൽ യോഗ്യമായി വസ്ത്രം ധരിക്കുക എന്നു പറഞ്ഞതിൽ എന്താണ് ണ് എന്നു കൂടെ നാം അറിഞ്ഞിരിക്കണം. ഓരോ പ്രദേശത്തിനും അതിന്റേതായ ആചാരങ്ങളുണ്ട്. വസ്ത്രധാരണത്തിലും അതിൽ നിന്നും വ്യത്യസ്ഥമായി ധരിച്ചാൽ അതു അപഹാസ്യമായിത്തീരും 1തിമൊ2:9, യാക്കോബ്; 1:27. ശരീരത്തിൽ മറയ്ക്കേണ്ട അവയവങ്ങൾ മറക്കാതെ അതു പ്രദർശിപ്പിച്ച് ഫാഷനാണെന്നു ചിലർ അവകാശപ്പെടാറുണ്ട്. പൊക്കിളിനു താഴെ സാരിയുടുത്ത് അടിവയർ പ്രദർശിപ്പിച്ചാലേ ചില സ്ത്രീകൾക്ക് ആശ്വാസം ലഭിക്കയുള്ളു. ഒരു ക്രിസ്ത്യാനിയായ സ്ത്രീ ഒരിക്കലും നഗ്നതാപ്രദർശന വസ്തുവായി അധഃപ്പതിക്കരുത്. അതു തികച്ചും ലജ്ജാകരമത്രേ.

ഭൗതീകമായാലും ആത്മീകമായാലും പ്രദർശിപ്പിക്കേണ്ടവ മാത്രമേ നാം പ്രദർശിപ്പിക്കാവു. നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് അപ്രകാരമാണ്. നാമും അതുപോലെ പഠിപ്പിക്കേണ്ടവരാണ് ( വെളിപ്പാട് 3:18 ). ലൈംഗിക ഉത്തേജനം എന്ന ലക്ഷ്യത്താൽ ചിലർചെയ്യുന്ന രീതിയുള്ള സ്വഭാവം അനുകരണീയമല്ല. ഇത്തരത്തിലുള്ള സ്ത്രീകളോടു പുരുഷന്മാർക്കുള്ള ബഹുമാനം വളരെ കുറവാണ്. ദൈവഭക്തിയോടുകൂടി ജീവിക്കുന്ന സ്ത്രീകൾ

അയോഗ്യമായ വസ്ത്രധാരണം ഉപേക്ഷിക്കുകതന്നെ ചെയ്യും (1 തിമൊ 2:10). ലജ്ജാകരമായ വസ്ത്രധാരണം സ്വാതന്ത്ര്യത്തിന്റെ പേരിൽ അണിയുന്നവരുണ്ട്. അവരുടെ പക്ഷം, ഞങ്ങൾക്ക് എങ്ങനെ വേണമെങ്കിലും വസ്ത്രം അണിയാമല്ലൊ, അതിനുള്ള സ്വാതന്ത്ര്യമില്ലേ എന്നതാണ്. പക്ഷെ അവർ അങ്ങനെ നിരൂപിക്കുമ്പോൾ സ്ത്രീത്വത്തെ അവഹേളിക്കുകയാണ്. വ്യാപാരികളും സിനിമാ വ്യവസായികളും സ്ത്രീകളുടെ ശരീരം പ്രദർശിപ്പിച്ച് പണമുണ്ടാക്കുന്നു. ബുദ്ധിഹീനരായ മനുഷ്യർ, അങ്ങനെ ചൂഷണം ചെയ്യപ്പെടുന്നു.

ഇന്ന്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജീൻസും ഷർട്ടും, ആൺകുട്ടികളിൽ നിന്നു പെൺകുട്ടികളിലേക്കു കടന്നുചെന്നിരിക്കുന്നു. ഇനി പെൺകുട്ടികളുടെ സാരിയും ബ്ലൗസും ആൺകുട്ടികളിലേക്ക് പ്രവഹിക്കുമോ എന്നാണെന്റെ ഭയം. കാഴ്ചപ്പാട് മാറികിട്ടുവാനോ മററുള്ളവരാൽ ആകർഷിക്കപ്പെടുവാനോ ആയിരിക്കും അവരുടെ ഉദ്ദേശം. മാന്യമായ രീതിയിൽ വസ്ത്രം ധരിച്ചാൽ സ്ത്രീയുടെ സൗന്ദര്യം ബഹുമാനപുരസ്സരം അവൾക്കു സൂക്ഷിക്കാം. അതല്ലെങ്കിൽ മാന്യത മനുഷ്യരിൽ നിന്നുമാത്രമല്ല; ദൈവത്തിൽ നിന്നും നഷ്ടപ്പെടുന്നു എന്ന് നാം അറിഞ്ഞിരിക്കണം. ശരീരത്തെ മുഴുവൻ മൂടുന്ന വസ്ത്രം ഏതു ഫാഷനിലുള്ളതായാലും അതിൽ വലിയ കുഴപ്പമില്ല. എന്നാൽ അതു തിരഞ്ഞെടുക്കേണ്ടത് ഓരോ വ്യക്തികളുമായിരിക്കണം. കാരണം ഒരു സ്ഥലത്ത് നിലവിലിരിക്കുന്നത് മററൊരു സ്ഥലത്ത് അപ്രായോഗികമായിരിക്കാം.

ആത്മീയമായ രക്ഷക്കുമാത്രമല്ല ഭൗതികമായ ശരീരത്തിന്റെ രക്ഷക്കു കൂടെ യോഗ്യമായ വസ്ത്രധാരണം അനിവാര്യമാണ്. കാരണം ശരീരത്തെ പുറത്തു കാണിക്കുന്നരീതിയിൽ നടക്കുന്ന സ്ത്രീകളെ പുരുഷന്മാർ ക്രൂരമായ, അവിഹിതമായ, ബലാൽ സംഗത്തിനു പോലും ഇരയാക്കുന്നുണ്ട്. എത്രയോ സംഭവങ്ങൾ ഇത്തരത്തിൽ നാം പേപ്പറിലൂടെ വായിക്കുന്നുണ്ട്. അതുകൊണ്ട് അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങൾ ആത്മീയമായും ഭൗതികമായും നഷ്ടപ്പെടാതിരിക്കേണ്ടതിന് വളരെ ശ്രദ്ധിക്കണം. ബാല്യത്തിൽ തന്നെ കുട്ടികളിൽ ഈ ഒരു പരിശീലനം വളർത്തിയെടുക്കണം. അവർക്കു തെരഞ്ഞെടുക്കേണ്ട വസ്ത്രങ്ങൾ തികച്ചും അനിന്ദ്യമായിരിക്കണം. യേശുക്രിസ്തുവും തന്റെ അപ്പോസ്തലന്മാരും പഠിപ്പിച്ച വിശ്വാസത്തിലും പരിശീലനത്തിലും നമുക്ക് നമ്മുടെ കുട്ടികളെ വളർത്താം. അങ്ങനെ ചെയ്താൽ നമുക്ക് ആർക്കും മക്കളെ ചൊല്ലി വിലപിക്കേണ്ടിവരില്ല. നിങ്ങൾ അതിനു തയ്യാറാകും എന്നു ഞാൻ കരുതുന്നു.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers: Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.

Tuesdays—9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 : 00 to 9 : 15 P. M.

Saturdays— 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Mondays—2 : 30 to 2 : 45 P.M.

Tuesdays—2: 30 to 2 : 45 P.M.

Wednesdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P.M.

Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese.

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No. K. Dis. 90095/ 86/ A8

## You are Cordially Invited To Attend

Worship Services and Bible Studies

Sunday - 10 a. m.

Tuesday - 6. 30 p. m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be sent to the Editor Bible Truth. Church of Christ. Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India